# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 19 | ലക്കം 2 | പേജ് 6 | നവംബർ 16–30



2 തോമ്മാമക്കളുടെ കൂട്ടായ്മ കാലത്തിന്റെ ആവശ്യകത

3 വട്ടശ്ശേരിൽ തിരുമേനിയുടെ ജീവന്റെ വില യായ കാതോലിക്കേറ്റ്

4 ധ്യാനപീഠം

5 അതാണു സത്യം – അതുമാത്രം


## മൈലാപ്പൂരിൽനിന്ന് ആരംഭിച്ച് ബാംഗ്ലൂർ, ബ്രഹ്മവാർ, ബത്തേരി, മലബാർ, കുന്നംകുളം ഭദ്രാസനങ്ങളിലൂടെ കോട്ടയം പഴയസെമിനാരിയിൽ എത്തി മാർത്തോമ്മൻ പൈതൃക സ്മൃതിയാത്ര സമാപിച്ചു

കോട്ടയം : മാർത്തോമ്മാശ്ലീഹായുടെ കബറിടം സ്ഥിതിചെയ്യുന്ന മൈലാപ്പൂരിൽനിന്ന് ആരംഭിച്ച ഭാരതീയം – മാർത്തോമ്മൻ പൈതൃക സ്മൃതിയാത്ര പ.വട്ടശ്ശേരിൽ തിരുമേനിയുടെ കബറിടം സ്ഥിതിചെയ്യുന്ന കോട്ടയം പഴയസെമിനാരിയിൽ സമാപിച്ചു.

നവംബർ 3ന് മൈലാപ്പൂരിൽ മാർത്തോമ്മാശ്ലീഹായുടെ കബറിടത്തിൽനിന്ന് ചെന്നൈ ഭദ്രാസന അദ്ധ്യക്ഷൻ ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ കൊളുത്തിയ ദീപശിഖ സന്ദേശയാത്രയുടെ കൺവീനർ ഫാ.ഡോ.എം.ഒ.ജോൺ ഏറ്റുവാങ്ങി. ചെന്നൈ ഭദ്രാസനത്തിൽ താംബരം, കോയമ്പേട്, ബ്രോഡ്വെ തുടങ്ങിയ പള്ളികളിലെ സ്വീകരണത്തിനുശേഷം ബാംഗ്ലൂർ, മൈസൂർ, മംഗലാപുരം, ബ്രഹ്മവാർ എന്നീ സ്ഥലങ്ങളിൽ സ്വീകരണങ്ങൾക്കും സമ്മേളനങ്ങൾക്കും ശേഷം സന്ദേശയാത്ര സുൽത്താൻ ബത്തേരി ഭദ്രാസനത്തിലെത്തി.

ബത്തേരി ഭദ്രാസനത്തിലെ ഇരുട്ടിയിൽനിന്ന് ആരംഭിച്ച യാത്ര മലബാർ, കുന്നംകുളം, തൃശൂർ, കൊച്ചി, അങ്കമാലി, കണ്ടനാട് വെസ്റ്റ്, കണ്ടനാട് ഈസ്റ്റ് ഭദ്രാസനങ്ങളിലെ സ്വീകരണങ്ങൾക്കുശേഷം കോട്ടയം ഭദ്രാസനത്തിൽ പ്രവേശിച്ചു. നവംബർ 15ന് കോട്ടയം ഭദ്രാസനത്തിലെ വിവിധ ഇടവകകളിലെ സ്വീകരണത്തിനുശേഷം കോട്ടയം ദേവലോകം അരമനയിലും അതിനുശേഷം ഏലിയാ കത്തീഡ്രലിലും സ്വീകരണഘോഷയാത്ര എത്തി. അവിടെനിന്ന് പഴയസെമിനാരിയിലെത്തി സന്ദേശയാത്ര സമാപിച്ചു.

യാത്രയിലുടനീളം അതതു ഭദ്രാസനങ്ങളുടെ നേതൃത്വത്തിലാണ് സ്വീകരണങ്ങളും സമ്മേളനങ്ങളും ഒരുക്കിയത്. പ.കാതോലിക്കാ ബാവായും, മെത്രാപ്പോലീത്തന്മാരായ തോമസ് മാർ അത്താനാസിയോസ് (ചെങ്ങന്നൂർ), ഗീവർഗീസ് മാർ ഈവാനിയോസ്, കുറിയാക്കോസ് മാർ ക്ലീമ്മീസ്, ഗീവർഗീസ് മാർ കൂറിലോസ്, ഡോ.തോമസ് മാർ അത്താനാസിയോസ് (കണ്ടനാട്), ഡോ.മാത്യൂസ് മാർ സേവേറിയോസ്, ഡോ.യാക്കോബ് മാർ ഐറേനിയോസ്, ഏബ്രഹാം മാർ എപ്പിഫാനിയോസ്, യൂഹാനോൻ മാർ പോളീകാർപ്പോസ്, യാക്കോബ് മാർ ഏലിയാസ് തുടങ്ങിയവർ വിവിധ ഭദ്രാസനങ്ങളിലെ സ്വീകരണങ്ങൾക്കും സമ്മേളനങ്ങൾക്കും നേതൃത്വം നൽകി.



വിവിധ സ്ഥലങ്ങളിൽ നടന്ന സമ്മേളനങ്ങളിൽ കേന്ദ്ര – സംസ്ഥാന മന്ത്രിമാരും, എം.പി.മാരും, എം.എൽ.എ.മാരും, ജാഥാ ക്യാപ്റ്റന്മാരും, അത്മായട്രസ്റ്റി എം.ജി.ജോർജ് മുത്തൂറ്റും, അസോസിയേഷൻ സെക്രട്ടറി ഡോ. ജോർജ് ജോസഫും, ക്വീനർ ഫാ.ഡോ.എം.ഒ.ജോണും രാഷ്ട്രീയ സാമൂദായിക നേതാക്കന്മാരും സന്ദേശയാത്രയ്ക്ക് അഭിവാദ്യങ്ങൾ അർപ്പിച്ചും കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങൾക്ക് ആശംസകൾ അർപ്പിച്ചും പ്രസംഗിച്ചു. ഭദ്രാസന സെക്രട്ടറിമാരുടെ നേതൃത്വത്തിൽ ഭദ്രാസന കൗൺസിൽ അംഗങ്ങളും വൈദികരും, സഭാമാനേജിംഗ് കമ്മിറ്റി അംഗങ്ങളും ആത്മീയ സംഘടനകളുടെ ഭദ്രാസനതലത്തിലെ പ്രവർത്തകരും സ്വീകരണങ്ങൾക്കും സമ്മേളനങ്ങൾക്കും നേതൃത്വം നൽകി. ഫാ. ഡോ.എം.ഒ.ജോൺ ജനറൽ കൺവീനറും, ഫാ.പി.കെ.സഖറിയാ പെരിയോർമറ്റം ബാഹ്യകേരളാ ഭദ്രാസനങ്ങളിലും, ഫാ.ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് വടക്കൻ ഭദ്രാസനങ്ങളിലും ജാഥാ ക്യാപ്റ്റന്മാരായിരുന്നു.

## വട്ടശ്ശേരിൽ തിരുമേനിയുടെ ജീവന്റെ വിലയായ കാതോലിക്കേറ്റ്

ഫാ.ഡോ.എം.ഒ.ജോൺ

1912–ലെ കാതോലിക്കാ സ്ഥാപനത്തിന്റെ ശതാബ്ദി ആഘോഷിക്കുന്ന മലങ്കരസഭ തൊഴുകയ്യോടെ അനുസ്മരിക്കേണ്ട നാമമാണ് പ.വട്ടശ്ശേരിൽ തിരുമേനിയുടേത്. തിരുമേനിയെ മാത്രമല്ല 1911–12 കാലഘട്ടത്തിൽ മലങ്കരസഭയ്ക്ക് ധീരമായ നേതൃത്വം നൽകിയ മഹാരഥന്മാരായ അത്മായപ്രമുഖരെയും അനുസ്മരിക്കാതെ വയ്യ. അവരുടെ പാവനസ്മരണയ്ക്കു മുമ്പിലുള്ള കൃതജ്ഞതാ പ്രകടനമായി മാറണം ശതാബ്ദി ആഘോഷം.

മലങ്കരസഭയുടെമേൽ അന്ത്യോഖ്യാ പാത്രിയർക്കീസിന് ആത്മീകവും ലൗകീകവുമായ പൂർണ്ണ അധികാരമുണ്ട് എന്ന് സമ്മതിച്ച് ഒരു ഉടമ്പടി എഴുതി രജിസ്റ്റർ ചെയ്ത് കൊടുക്കാൻ അബ്ദുള്ള പാത്രിയർക്കീസ് വട്ടശ്ശേരിൽ തിരുമേനിയോടാവശ്യപ്പെട്ടു. വട്ടശ്ശേരിൽ തിരുമേനി അതിനു തയ്യാറായില്ല. മലങ്കരസഭയുടെ മേൽ ആത്മീയവും ലൗകീകവുമായ സർവ്വ അധികാരങ്ങളും ആഗ്രഹിച്ച പാത്രിയർക്കീസ് വിട്ടുവീഴ്ചയ്ക്ക് തയ്യാറായില്ല. പാത്രിയർക്കീസ് വട്ടശ്ശേരിൽ തിരുമേനിയെ മുടക്കി. വളരെ പ്രക്ഷുബ്ദമായ അന്തരീക്ഷമാണ് അക്കാലഘട്ടത്തിൽ സഭയിൽ നിലനിന്നത്.

1911 ഇടവം 26–ാം തീയതിയാണ് പ.വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിക്കൊണ്ട് അബ്ദുള്ളാ പാത്രിയർക്കീസ് കല്പന പുറപ്പെടുവിക്കുന്നത്. മുടക്ക് കല്പന പുറപ്പെടുവിക്കുന്നതിനു മുമ്പ് അത് ഒഴിവാക്കുവാൻ സമുദായ പ്രമാണിമാരെല്ലാം കിണഞ്ഞു പരിശ്രമിച്ചു. അപ്പോഴേയ്ക്കും സമുദായം രണ്ടായി ഭിന്നിച്ചിരുന്നു. കൂട്ടുട്രസ്റ്റിമാരായ കോനാട്ട് മല്പാനും സി.ജെ. കുര്യനും മെത്രാപ്പോലീത്തായ്ക്കെതിരെ പാത്രിയർക്കീസിനോടൊപ്പം നിന്നു. മെത്രാപ്പോലീത്തായെ പിന്തുണച്ചവർ മെത്രാൻ കക്ഷിയെന്നും പാത്രിയർക്കീസിനെ പിന്തുണച്ചവർ പാത്രിയർക്കീസ് കക്ഷിയെന്നും അറിയപ്പെടാൻ തുടങ്ങി. മലയാള മനോരമയും അതിന്റെ പത്രാധിപർ കെ.സി.മാമ്മൻ മാപ്പിളയും മെത്രാപ്പോലീത്തായോടൊപ്പം ഉറച്ചുനിന്നു. മെത്രാപ്പോലീത്തായ്ക്ക് അനുകൂലമായി മലയാള മനോരമ മുഖപ്രസംഗങ്ങൾ എഴുതുകയും വാർത്തകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. പാത്രിയർക്കീസ് അമിതമായ അധികാരം പ്രയോഗിക്കരുതെന്നും, സമുദായത്തെ ഭിന്നതയിലേക്ക് നയിക്കരുതെന്നും വളരെ ശക്തമായ ഭാഷയിൽ ആവശ്യപ്പെട്ടുകൊണ്ട് 1911 കന്നി 8ന് മലയാള മനോരമ "മലങ്കരസുറിയാനിസഭ" എന്ന തലക്കെട്ടിൽ അതിശക്തമായ ഒരു മുഖപ്രസംഗം എഴുതി.

കെ.സി.മാമ്മൻ മാപ്പിള, ഇ.ജെ.ജോൺ, ചാക്കോ സൂപ്രണ്ട്, പി.പി.ജോൺ, കെ.വി.ചാക്കോ, എ.പീലിപ്പോസ്, തുടങ്ങിയവരുടെ നേതൃത്വത്തിൽ "മലങ്കരസുറിയാനി സഭാസംരക്ഷക സംഘം" എന്നൊരു സംഘടന രൂപവൽക്കരിച്ചു. അതിന്റെ ചുമതലയിൽ "മലങ്കരസഭാസംരക്ഷകൻ" എന്ന പേരിൽ ഒരു പ്രസിദ്ധീകരണവും ആരംഭിച്ചു.

ഇതിനിടെ 1911 കന്നിമാസം നാലാം തീയതി സമുദായപ്രമാണിമാരുടെ ഒരു ഉന്നതതല യോഗം എം.ഡി.സെമിനാരിയിൽ നടന്നു. പാത്രിയർക്കീസിന്റെ അധികാരസ്ഥാപനത്തിനെതിരെയുള്ള ഒരു പരസ്യയുദ്ധപ്രഖ്യാപനമായിരുന്നു ആ യോഗം.

മലങ്കരസഭയിലെ പ്രധാനന്മാരായ കെ.കെ.കുരുവിള (എൻജിനീയർ), ഇ.ജെ.ജോൺ മുതലായി "ഇരുനൂറിൽപരം യോഗ്യന്മാരുടെയും അറുപതിൽപരം വൈദികപ്രധാനികളുടെയും" ക്ഷണം അനുസരിച്ചാണ് യോഗം കൂടിയത്.

"മാർ അബ്ദുള്ളായുടെ ആക്രമണത്തെ ചെറുക്കുന്നതിന് ഇദംപ്രഥമമായി തുറന്നിറങ്ങിയത് – യുദ്ധപ്രഖ്യാപനം – ചെയ്തത് 1086 കന്നി നാലാം തീയതി നടന്ന ഈ യോഗത്തിൽവെച്ചായിരുന്നതിനാൽ അതിനൊരു പ്രത്യേക പ്രാധാന്യം ഉണ്ട്. പണ്ഡിതശ്രേഷ്ഠന്മാരും കാനോൻ വിദഗ്ദ്ധന്മാരുമായിരുന്ന ചെറിയമഠത്തിൽ യാക്കോബ് കത്തനാരും, തുമ്പമൺ പൂതക്കുഴിയിൽ ഏബ്രഹാം കത്തനാരും, വിജ്ഞാനപ്രദങ്ങളും ആവേശോജ്ജ്വലങ്ങളുമായ പ്രസംഗങ്ങളിലൂടെ ജനങ്ങളെ ഉദ്ബോധിപ്പിച്ചു. "പാത്രിയർക്കീസ് ആഗ്രഹിക്കുന്ന അധികാരം ഒരുതരത്തിലും അനുവദിച്ചുകൊടുക്കാൻ പാടില്ലെന്ന് റോമാസഭയിലെയും, പൗരസ്ത്യസഭയിലെയും നടപടികളെയും, വിശുദ്ധ വേദം, കാനോനാകൾ, മലങ്കരസഭയുടെ പ്രാചീനചരിത്രം, മുളന്തുരുത്തിസുന്നഹദോസിന്റെ കാനോനാകൾ, റോയൽകോടതിവിധി മുതലായവയും ആധാരമാക്കി പൂതക്കുഴിയിൽ അച്ചൻ തന്റെ വാദത്തെ സ്ഥാപിച്ചു".

ഒരു വലിയ വിഭാഗം ജനത്തെ പ്രത്യേകിച്ച് തെക്കൻ ഭദ്രാസനങ്ങളെ കൂടെനിർത്താൻ വട്ടശ്ശേരിൽ തിരുമേനിക്കും കൂട്ടാളികൾക്കും സാധിച്ചു.

അബ്ദുള്ളാ പാത്രിയർക്കീസും, വട്ടശ്ശേരിൽ ദീവന്നാസിയോസും പഴയസെമിനാരിയിൽ അടുത്തടുത്ത മുറിയിലായിരുന്നു താമസം. മലങ്കര മെത്രാപ്പോലീത്താ നിയമിച്ച മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാരായിരുന്നു സെമിനാരി മാനേജർ.

ഉടമ്പടി കൊടുത്തില്ലെങ്കിൽ മെത്രാപ്പോലീത്തായെ മുടക്കുവാൻ പാത്രിയർക്കീസ് നിശ്ചയിച്ചുകഴിഞ്ഞു. എം.ഡി.സെമിനാരി യോഗത്തോടെ പാത്രിയർക്കീസിനോട് സമുദായം നേരിട്ട് യുദ്ധം പ്രഖ്യാപിച്ചുകഴിഞ്ഞു. സമുദായനേതൃത്വം രണ്ടായി പിളർന്നു. ഇരുഭാഗത്തേക്കുമായി സഭയിൽ അങ്ങോളമിങ്ങോളം ചേരിതിരിവ് പ്രകടമായി. പള്ളികളുടെയും സ്വത്തുക്കളുടെയും മേൽ ആധിപത്യം ഉറപ്പിക്കാനോ അല്ലെങ്കിൽ അവ ആരുടെയൊക്കെ അധീനതയിലാണോ സ്ഥിതിചെയ്യുന്നത് അവരെ സ്വന്തപക്ഷത്ത് ഉറപ്പിച്ചുനിർത്താനും ഇരുവിഭാഗങ്ങളും ശ്രമിച്ചു. നേതൃത്വത്തിൽ ഉണ്ടായ ഭിന്നത വൈദികരുടെയും സാധാരണ സഭാംഗങ്ങളുടെ ഇടയിലേക്കും വ്യാപിക്കാൻ തുടങ്ങി. ഉദ്വേഗം നിറഞ്ഞ നാളുകൾ കടന്നുപൊയ്ക്കൊണ്ടിരുന്നു. ഇരുവിഭാഗത്തിനും പിന്തുണ വാഗ്ദാനം ചെയ്തുകൊണ്ടും പഴയസെമിനാരി തങ്ങളുടെ കൈവശത്തിലിരിക്കണമെന്ന് ആഗ്രഹിച്ചും, അതിനുവേണ്ടി എന്തും ചെയ്യാൻ തയ്യാറായും വലിയ ഒരു സംഘം ആളുകൾ പഴയസെമിനാരിയിൽ എത്തി. ഇരുവിഭാഗത്തിലുംപെട്ടവർ ദിനംപ്രതിയെന്നോണം സെമിനാരിയിൽ എത്തിക്കൊണ്ടിരുന്നു. പഴയസെമി

(ശേഷം പേജ് 3–ൽ)

# തോമ്മാമക്കളുടെ കൂട്ടായ്മ കാലത്തിന്റെ ആവശ്യകത

കെ.എം.പീറ്റർ മട്ടക്കൽ, ബാംഗ്ലൂർ

നിങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിലും പോയി സുവിശേഷം അറിയിച്ചു ജനങ്ങളെ എന്റെ നാമത്തിൽ ശിഷ്യരാക്കിക്കൊൾക എന്ന ഉപദേശം നൽകിക്കൊണ്ടു കർത്താവായ യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തു. ശിഷ്യഗണങ്ങൾ അതിൻപ്രകാരം ലോകത്തിന്റെ നാനാഭാഗങ്ങളിലും സഞ്ചരിച്ചു ജനങ്ങളെ ഉപദേശിച്ചു സ്നാനപ്പെടുത്തി ദൈവരാജ്യത്തിലേക്ക് ചേർത്തുകൊണ്ടു. അപ്പോസ്തോലന്മാരുടെ കാലത്തുപോലും വിശ്വാസികളിൽ പല പല പക്ഷക്കാരും ഗ്രൂപ്പുകാരും ഉണ്ടായിരുന്നതായി പൗലോസ്ശ്ലീഹാ കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിൽ (1:12–13) രേഖപ്പെടുത്തിയിരിക്കുന്നു. നിങ്ങളിൽ ഓരോരുത്തർ ഞാൻ പൗലോസിന്റെ പക്ഷക്കാരൻ, ഞാൻ അപ്പല്ലോസിന്റെ പക്ഷക്കാരൻ, ഞാൻ കേഫാവിന്റെ പക്ഷക്കാരൻ എന്നിങ്ങനെ പറയുന്നു. ക്രിസ്തു വിഭാഗിക്കപ്പെട്ടിരിക്കുന്നുവോ ആദിമക്രൈസ്തവ വിശ്വാസികളിൽ അഭിപ്രായവ്യത്യാസങ്ങളും വൈരാഗ്യങ്ങളും ഉണ്ടായിരുന്നതായി ക്ലോവയിൽനിന്നും പൗലോസിനു അറിവു ലഭിച്ചിരുന്നു. ക്രിസ്തീയ സഭ ലോകത്തിന്റെ നാനാഭാഗങ്ങളിലും വളർന്നു പന്തലിച്ചപ്പോൾ ഓരോ രാജ്യങ്ങളിലെ ഭരണവ്യവസ്ഥകളുടെയും ആചാര മര്യാദകളുടെ നിബന്ധനകളിലും അവകളുടെ പ്രചോദനത്തിലും ക്രിസ്തീയ സഭകളുടെ പ്രാർത്ഥനാരീതിയിലും വിശ്വാസാചാരത്തിലും അല്പസ്വല്പ മാറ്റങ്ങൾ കടന്നുകൂടി. ഇപ്രകാരം റോമൻ കത്തോലിക്കാ സഭ, ഓർത്തഡോക്സ് സഭകൾ, പിന്നീട് മാർട്ടിൻ ലൂഥറിന്റെ കാലത്തോടുകൂടി പ്രൊട്ടസ്റ്റന്റ് സഭകൾ ഇപ്രകാരം പ്രധാനമായി മൂന്നു ക്രിസ്തീയ സഭകൾ ഉടലെടുത്തു.

റോമൻ കത്തോലിക്കാ സഭ

കത്തോലിക്കാ സഭാംഗങ്ങൾ ലോകത്തിൽ പല രാജ്യങ്ങളിലായുണ്ട്. ഈ വിശ്വാസികളെല്ലാം റോമിലെ പരിശുദ്ധ പോപ്പിന്റെ ആത്മീയ ഭരണത്തിൻകീഴിലെ അംഗങ്ങളത്രെ. കത്തോലിക്കാസഭയിൽ വിവിധ പാരമ്പര്യങ്ങൾ അവകാശപ്പെട്ടുള്ള 22 റീത്തുകളുണ്ട്. കേരളത്തിലുള്ള സീറോ മലബാർ, ലത്തീൻ പക്ഷക്കാർ, മലങ്കരസിറിയൻ അഥവാ സീറോ മലങ്കര എന്നീ മൂന്നു റീത്തുകൾ മുകളിൽ പ്രസ്താവിച്ച 22 റീത്തുകളിൽപ്പെട്ടതാണ്.

### ഓർത്തഡോക്സ് സഭകൾ

ഓർത്തഡോക്സ് സഭകൾ സാധാരണ അവകൾ നിലനിൽക്കുന്ന രാജ്യത്തിന്റെ പേരിനോടു ചേർന്ന പേരിലാണ് അറിയപ്പെടുന്നത്. റഷ്യൻ ഓർത്തഡോക്സ് സഭ, അർമ്മീനിയൻ ഓർത്തഡോക്സ് സഭ, ബൾഗേറിയൻ, സെർബിയൻ, റുമേനിയൻ ഓർത്തഡോക്സ് സഭ, അൽബേനിയൻ ഓർത്തഡോക്സ് സഭ, ഗ്രീക്ക് ഓർത്തഡോക്സ് സഭ, അന്ത്യോഖ്യൻ ഓർത്തഡോക്സ് സഭ, മലങ്കര ഓർത്തഡോക്സ് സഭ – അതിപ്പോൾ മലങ്കര അതിർത്തി ഭേദിച്ച് ഇന്ത്യൻ ഓർത്തഡോക്സ് സഭ ഇങ്ങനെ പോകുന്നു ഓർത്തഡോക്സ് സഭകൾ. സ്വയം ശീർഷകത്വമുള്ള സഭകളെല്ലാം ഓരോ കാലത്തു സ്വയം പ്രഖ്യാപനത്തിലൂടെ സ്വാതന്ത്ര്യം പ്രാപിച്ചു എന്നുള്ളതു പ്രത്യേകം ശ്രദ്ധേയമത്രെ. ചില സഭകളുടെയെല്ലാം മേൽഭരണം നടത്തിയിരുന്ന സഭകൾ ഇപ്രകാരമുള്ള സ്വാതന്ത്ര്യ പ്രഖ്യാപനത്തെ എതിർത്തു എങ്കിലും പിന്നീട് അവകളുടെ സ്വാതന്ത്ര്യത്തെ അംഗീകരിക്കുകയാണ് ചെയ്തത്.

### സെന്റ് തോമസ് സഭകൾ

#### 1. മലങ്കര ഓർത്തഡോക്സ് സഭ

തോമാസഭ, എഡി.52നോടുകൂടി തോമാശ്ലീഹായാൽ സ്ഥാപിതമായി. തോമാകുടുംബത്തിന്റെ തറവാടെന്നു അവകാശപ്പെടാവുന്ന സഭയാണ് മലങ്കര ഓർത്തഡോക്സ് സഭ എന്നതിനു തെല്ലും സംശയമില്ല. പതിനാറാം നൂറ്റാണ്ടിനുശേഷം മലങ്കര ഓർത്തഡോക്സ് സഭയിൽ പല പിളർപ്പുകൾ ഉണ്ടായതിന്റെ ഫലമായി പല പുതിയ സഭകൾ ഉടലെടുക്കുകയുണ്ടായി. വളരുംതോറും പിളരും, പിളരുംതോറും വളരും എന്നതിന്റെ ഉത്തമോദാഹരണമാണ് മലങ്കര ഓർത്തഡോക്സ് സഭയുടെ സ്ഥിതിയും ചരിത്രവും.

#### 2. സീറോ മലബാർസഭ

പോർട്ടുഗീസുകാരുടെ ശ്രമഫലമായി തോമാ തറവാട്ടിൽനിന്നും പതിനാറു പതിനേഴു നൂറ്റാണ്ടുകളിൽ അടർത്തി എടുത്ത മക്കളാണ് സീറോ മലബാർ സമൂഹം. ഇവർ റോമാ കത്തോലിക്കാ സഭയിലെ 22 റീത്തിലൊന്നാണ്. ഇവരുടെ വിശ്വാസാചാരങ്ങളും കുർബ്ബാനയും മറ്റു പ്രാർത്ഥനകളും മലങ്കര ഓർത്തഡോക്സ് സഭയുടേതിനു സമാനമായുള്ളതാണ്.

#### 3. മലങ്കര സിറിയൻ വിഭാഗം/ സീറോ മലങ്കര റീത്തുകാർ

മാർ ഈവാനിയോസ് തിരുമേനി 1930–ൽ മലങ്കര ഓർത്തഡോക്സ് സഭയിൽനിന്നും പിളർത്തി എടുത്തു കത്തോലിക്കാ സഭയുടെ കൊടിക്കീഴിലാക്കിയ വിഭാഗമാണ് ഇത്. ഇവരുടെ കുർബ്ബാനയും മറ്റു പ്രാർത്ഥനകളും മലങ്കര ഓർത്തഡോക്സുകാരുടേതു തന്നെ. ആത്മീയ മേൽക്കോയ്മ പരിശുദ്ധ പോപ്പിന്റെ കീഴിലാണ് എന്നുമാത്രം.

#### 4. മലങ്കര യാക്കോബായ സുറിയാനിസഭ

ഓർത്തഡോക്സ് സഭയിലെ കുറെ വിശ്വാസികൾ അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ ആത്മീയ മേൽക്കോയ്മ സ്വീകരിച്ചു അന്ത്യോഖ്യൻ ആത്മീയ കുടക്കീഴിൽ കഴിവാൻ ആഗ്രഹിക്കുന്നു. വിശ്വാസപരമായും മറ്റു കൗദാശികപരമായും മറ്റെല്ലാ ശൈലികളിലും മലങ്കര ഓർത്തഡോക്സ് സഭയുമായി യാതൊരു വ്യത്യസ്തതയും ഈ ആത്മീയ സഭയ്ക്കില്ല.

#### 5. മലങ്കര മാർത്തോമ്മാസഭ

1836നോടു മലങ്കര ഓർത്തഡോക്സ് സഭയിൽ ഉണ്ടായിരുന്ന പാലക്കുന്നത്ത് അബ്രഹാം മല്പാൻ ആരംഭമിട്ടതും പിന്നീട് മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ കാലത്തു ഭാഗീകമായി നടത്താൻ സാധിച്ചതുമായ നവീകരണ വിശ്വാസം സ്വീകരിച്ചു തോമാതറവാട്ടിൽനിന്നും പിരിഞ്ഞുപോയ സഭയാണ് ഇപ്പോൾ നിലവിലുള്ള മാർത്തോമ്മാ സഭാവിഭാഗം. 1890–നോടുകൂടി മാർത്തോമ്മാസഭ സ്ഥാപിതമായി. ഒരു നവീകരണ ചിന്താഗതിയുള്ള സഭയെങ്കിലും പ്രായോഗിക ചുറ്റുപാടിൽ ഈ സഭ അതിന്റെ മാതൃസഭയായ തോമാസഭയുടെ ആത്മീകവും ഭൗതികവുമായ എല്ലാ ശൈലികളും പിന്തുടരുന്നു.

#### 6. സി.എം.എസ്./സി.എസ്.ഐ.

19–ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽതന്നെ സി.എം.എസ്. (ചർച്ച് മിഷണറി സൊസൈറ്റി) മിഷണറികൾ ഇംഗ്ലണ്ടിൽ നിന്നും സേവനാർത്ഥം ഭാരതത്തിൽ എത്തി. ആദ്യകാലങ്ങളിൽ ഇവർ മലങ്കര ഓർത്തഡോക്സ് സഭയുമായി വളരെ സഹകരിച്ചു പ്രവർത്തിച്ചു. പിൽക്കാലത്തു മലങ്കരസഭയുടെ ആചാരവിശ്വാസാദികളിൽ കൈകടത്താനും വിമർശിക്കാനും തുടങ്ങി. 1836–ലെ മാവേലിക്കര സുന്നഹദോസ്, സി.എം.എസുകാരുമായുണ്ടായിരുന്ന സഹവാസം നിർത്തലാക്കി.രണ്ടുപക്ഷക്കാരും ചേർന്ന് ഒന്നിച്ചു സമ്പാദിച്ചിരുന്ന സ്വത്തുക്കൾ രണ്ടായി പങ്കിട്ടു. സി.എം.എസിനോട് അനുഭാവം കാണിച്ച മലങ്കര ഓർത്തഡോക്സ് മക്കൾ, മലങ്കരസഭ വിട്ട് സി.എം.എസിൽ ചേർന്നു. അപ്രകാരം കേരളത്തിലെ ഇപ്പോഴുള്ള സി.എസ്.ഐ.ൽ തോമാമക്കളുടെ സാന്നിദ്ധ്യത്തിനു ഒട്ടും കുറവില്ല എന്നതു മറക്കരുത്.

#### 7. കൽദായ തോഴിയൂർ സഭകൾ

പൗരസ്ത്യ കൽദായ സഭക്കാരുടെ പ്രധാന വാസകേന്ദ്രം തൃശൂരും പരിസരപ്രദേശങ്ങളുമാണ്. അവരുടെ വിശ്വാസരീതിയിലും കുർബ്ബാന ക്രമങ്ങളും പ്രാർത്ഥനാദികളും മറ്റു ആത്മീയ രീതികളും മലങ്കര ഓർത്തഡോക്സ് സഭയുടേതിനു വളരെ സമാനമായുള്ളതാണ്.

തോഴിയൂർ സ്വതന്ത്ര സുറിയാനി സഭ കുന്നംകുളത്തും പരിസരപ്രദേശങ്ങളിലും ഈ ചെറുസംഘം കേന്ദ്രീകരിച്ചിരിക്കുന്നു. ഇവരുടെ പ്രാർത്ഥനാരീതിയും കുർബ്ബാനയും മറ്റ് ആത്മീയരീതികളും മലങ്കര ഓർത്തഡോക്സ് സഭയുടേതിനു സമാനമായുള്ളതാണ്.

കൽദായസഭയും തോഴിയൂർ സഭയും പുരാതന പാരമ്പര്യമുള്ള രണ്ടു ചെറു സുറിയാനി സഭകളാണ്. ഈ രണ്ടു സഭകളും മാർത്തോമ്മൻ തറവാട്ടിലെ അംഗങ്ങളല്ല എങ്കിലും പല വിധത്തിലും തൊമ്മൻ തറവാടിന്റെ വിശ്വാസരീതിയിലും പൗരാണിക പ്രാർത്ഥനാരീതിയിലും പെട്ടവരാണ്.

### ക്രിസ്തീയ സംഘടനകൾ

അഖിലലോക ക്രിസ്ത്യൻ കൗൺസിൽ (ഡബ്ല്യു.സി.സി.) 1948–ൽ ആംസ്റ്റർഡാമിൽ വെച്ചു രൂപംകൊണ്ടു. ലോകത്തിലെ എല്ലാ ക്രിസ്ത്യൻ സഭകളും ഒന്നിച്ചുചേർന്നു ഏകോദരസാഹോദര്യത്തിൽ വർത്തിക്കുന്നതിനും എല്ലാവിധ മിഷണറി സേവനങ്ങളും സമൂഹത്തിലെ ദുഃഖിതർക്കും, അഗതികൾക്കും, ത്യജിക്കപ്പെട്ടവർക്കും നൽകുന്നതിനായി ഒന്നിച്ചു പ്രവർത്തിക്കുന്നു. ആകെ 329 ക്രിസ്തീയ സംഘടനകൾ ഡബ്ല്യു.സി.സിയിലെ അംഗങ്ങളാണ്.

നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇന്ത്യാ (എൻ.സി.സി.ഐ.) ഇന്ത്യയിലെ ക്രിസ്ത്യൻ സഭകളുടെ എക്യുമെനിക്കൽവേദിയായി നാഗപ്പൂർ ആസ്ഥാനമായി പ്രവർത്തിക്കുന്നു. ഡബ്ല്യു.സി.സി. ലോകമെമ്പാടും ചെയ്യുന്ന സേവനങ്ങൾ ഇന്ത്യയിൽ എൻ.സി.സി.ഐ എല്ലാ ക്രിസ്ത്യൻ സഭകളുടെയും ഒന്നിച്ചുള്ള യോജിപ്പിൽ ഭാരതജനതതിക്കു ചെയ്തുകൊടുക്കുന്നതിൽ വ്യാപൃതരായിരിക്കുന്നു.

### സെന്റ് തോമസ് ക്രിസ്ത്യൻ ഫോറം

മുകളിൽ പ്രസ്താവിച്ചിട്ടുള്ള കേരളത്തിലെ എട്ടു വിവിധങ്ങളായ ക്രിസ്ത്യൻ സംഘടനകൾ എല്ലാംതന്നെ ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ മാതൃതറവാടായി കണക്കാക്കേണ്ട മാർത്തോമ്മൻ ഭവനത്തിലെ മക്കളാണ്. സഹോദരർ ഒത്തൊരുമിച്ചു കൈകോർത്തു വസിക്കുന്നതും പ്രവർത്തിക്കുന്നതും എത്ര മനോഹരം. ഈ സഭാമക്കളുടെ ഒന്നിച്ചുള്ള ബന്ധവും യോജിപ്പും എക്യുമെനിക്കൽ സൗഹാർദ്ദതയ്ക്കും ക്രിസ്ത്യൻ വളർച്ചയ്ക്കും മിഷൻ പ്രവർത്തനത്തിനും വളരെ ഉതകും. ക്രിസ്തുവിന്റെ സുവിശേഷം വചനത്തിലൂടെയും പ്രവർത്തനത്തിലൂടെയും പ്രഖ്യാപിക്കുന്നതിൽ ക്രിസ്തീയ സമൂഹത്തെ സഹായിക്കുക, സഭയുടെ ഐക്യം ഉയർത്തിപ്പിടിച്ചുകൊണ്ടു പ്രവർത്തിക്കുക, ക്രിസ്തീയസാക്ഷ്യത്തിൽ പ്രവർത്തിക്കാൻ സഭകളെ സജീവമാക്കുക, ദരിദ്രരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുക, സഭകൾക്ക് ഓരോന്നിനും വേണ്ട സഹായവും സഹകരണങ്ങളും നൽകുക എന്നിവകൾ സെന്റ് തോമസ് ക്രിസ്ത്യൻ സംഘടനയിൽകൂടി സഫലീകൃതമാക്കുവാൻ സാധിക്കണം. ഇവകൾക്കെല്ലാം ഉപരിയായി വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുക, ക്രിസ്തീയ ദൗത്യം ഒന്നായി ഒന്നിച്ചു സെന്റ് തോമസ് ഫോറം നടത്തണം. കർത്താവിന്റെ ശിഷ്യന്മാരായിരുന്ന തോമാശ്ലീഹായുടെ തറവാട്ടിലെ അംഗങ്ങൾ എന്നൊരഭിമാനവും അപ്പോസ്തോലിക പൈതൃക അവകാശവും സഭാപൗരാണികത്വവും നമ്മെ കൂടുതൽ ധന്യരാക്കും.

ഈ കൂട്ടുസഹവാസത്തിൽ വലിയ സഭകൾ ദുർബലസഭകളെ തങ്ങളിലേക്ക് ലയിപ്പിച്ചു കളയും എന്നു ചില കുതർക്കക്കാർ വാദിച്ചേക്കാം. അപ്രകാരം സംഭവിക്കാതിരിക്കത്തക്ക ഭരണഘടനയായിരിക്കണം തോമാ സംഘടനയുടെ ഭരണഘടന. നമ്മുടെ സഭ മുൻപന്തിയിൽ നേതാക്കളായി പരിലസിക്കുന്ന പലരേയും ഡബ്ല്യു.സി.സി.യിലും എൻ.സി.സി.ഐലേക്കും എക്യുമെനിസം വളർത്താനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇവർ പൊതുപ്ലാറ്റ്ഫോമുകളിൽ എക്യുമെനിസത്തിന്റെ മഹിമയേയും ഗുണഗണങ്ങളേയും വാനോളം പ്രകീർത്തിക്കാറുണ്ട്. എങ്കിലും സ്വസഭയിലെ അൽമായക്കാരെപ്പോലും ലജ്ജിപ്പിക്കത്തക്കവിധത്തിൽ മറ്റു സഭക്കാരുമായുള്ള സൗഹാർദ്ദതയെയും അവരുടെ ആത്മീയപ്രസംഗങ്ങൾ കേൾക്കുന്നതിൽനിന്നും, അവരുടെ പൊതുയോഗത്തിൽ സംബന്ധിക്കുന്നതിനുപോലും നിയന്ത്രണവും വിലക്കും കല്പിച്ചിരിക്കുന്നു. പക്ഷെ അത്മായക്കാരിൽ ആരുംതന്നെ ആ ഒടക്കുനിരോധനത്തിനു യാതൊരു വിലയും കൊടുക്കുന്നതായി കാണുന്നില്ല. പരസ്പരം യോജിപ്പും പല വൈരുദ്ധ്യവും ഉള്ള ഏതാണ്ടു 329 സഭകൾ ഒന്നിച്ചു ഏകോദരസാഹോദര്യത്തിൽ ഡബ്ല്യു.സി.സി.യിൽ വർത്തിക്കാമെങ്കിൽ പിന്നെന്തുകൊണ്ട് സെന്റ് തോമസ് ചെറുകുടുംബത്തിലെ സഹോദരർക്ക് ഒന്നിച്ചു ഒരു കൂട്ടായ്മയിൽ തങ്ങളുടെ വ്യക്തിത്വം വെവ്വേറെ നിലനിർത്തിക്കൊണ്ടു പ്രവർത്തിച്ചു വളർന്നുകൂടാ?

# വേണോ വേണ്ടയോ!

എം.സി.വർഗീസ് ആലുവ



കാലംചെയ്ത മാർ തെയോഫിലോസ് തിരുമേനിയുടെ 15–ാം ശ്രാദ്ധപ്പെരുന്നാൾ തൃക്കുന്നത്ത് സെമിനാരിയിൽ സെപ്റ്റംബർ 27,28 തീയതികളിൽ പൂർവ്വാധികം ഭംഗിയായി കൊണ്ടാടി എന്ന വാർത്തയും ചിത്രവും ഇക്കുറി പത്രങ്ങളിൽ കണ്ടില്ല. പള്ളിപരിസരത്ത് പടവും പ്ലാക്കാർഡുകളും പതിനാറംഗ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒരുക്കിയിരുന്നു.

വിശ്രുതമായ ആ നാമം മാർ തെയോഫിലോസിന്റെ സഭാമക്കൾ എക്കാലവും ആദരിക്കും, സ്മരിക്കും. മലങ്കരയുടെ വിദേശകാര്യമെത്രാൻ, അനേകം പദ്ധതികളുടെ ഉപജ്ഞാതാവ്, ആരംഭകൻ, സർവ്വസമാരാദ്ധ്യനായ ആത്മീയനേതാവ് എന്നൊക്കെ പേരുള്ള ആ പിതാവിനു ചേരുന്ന ഒരു സ്മാരകം മാത്രം ഇതേവരെയും സ്തുതിയും സ്തോത്രവും കരേറ്റി വന്ന സഭാമക്കൾ ഉച്ചരിച്ചിട്ടുമില്ല; അതിന് നേരം കിട്ടിയിട്ടുണ്ടാവില്ല.

ആദ്യകാലത്തെ ശ്രാദ്ധപ്പെരുന്നാൾ അന്നത്തെ വികാരി ബഹു.മണ്ണാറപ്രായിലച്ചന്റെയും കമ്മറ്റിക്കാരുടെയും നേതൃത്വത്തിൽ വിശാലമായി നടത്തിയിരുന്നു. മൂന്നുനാൾ വി. കുർബ്ബാന, തലേന്നും, പിറ്റേന്നും സദ്യ, വിവിധ പള്ളികളുടെ സഹകരണം, ധൂപപ്രാർത്ഥന,

(ശേഷം പേജ് 5–ൽ)

# വട്ടശ്ശേരിൽ തിരുമേനിയുടെ ജീവന്റെ വിലയായ കാതോലിക്കേറ്റ്..... പേജ് 1–ൽനിന്ന്

നാരി മുറ്റത്തും പുരയിടത്തിന്റെ പലഭാഗത്തുമായവർ നിലയുറപ്പിച്ചു. ചിലരൊക്കെ അവിടെ വെപ്പും കുടിയും ആരംഭിച്ചു. എന്തെങ്കിലും പ്രശ്നമുണ്ടായാൽ പഴയസെമിനാരിയെക്കുറിച്ചു തർക്കമുണ്ടായാൽ കൈവശാവകാശത്തിന്റെ ആനുകൂല്യം ലഭിക്കണമെന്ന ഉദ്ദേശവും ഇരുകൂട്ടർക്കും ഉണ്ടായിരുന്നു.

പഴയസെമിനാരിയുടെ അവകാശം സംബന്ധിച്ചു ഒരു പരാതിയും കേസും കോട്ടയം ജില്ലാ മജിസ്ട്രേറ്റിനും പോലീസ് അധികാരികൾക്കും ലഭിച്ചു (സമ്മരികേസ്). അതിന്റെ അടിസ്ഥാനത്തിൽ പോലീസ് പ്രാഥമിക അന്വേഷണം നടത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും സ്ഥലത്ത് പോലീസിനെ വ്യന്യസിപ്പിക്കുകയും ചെയ്തു. പോലീസ് വകുപ്പ് 128 അനുസരിച്ച് നടപടി എടുക്കണമെന്ന് ഇൻസ്പെക്ടർ ശുപാർശ ചെയ്തു. ഇതിനിടെ രാത്രിയിൽ ചിലർ കൊല്ലനെ കൊണ്ടുവന്ന് ചില മുറികളുടെ പൂട്ടുതുറപ്പിക്കുകയും, പൂട്ടു മാറ്റുകയും ചില മുറികളിൽനിന്ന് ചില സാധനങ്ങളും മാറ്റുകയും ചെയ്തത് സ്ഥിതിഗതികൾ വഷളാകുവാൻ കാരണമായി. പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റവന്യൂ അധികൃതർ എത്തി സെമിനാരി മുറികൾ ജപ്തിചെയ്തു.

"സെമിനാരിയിൽ പാത്രിയർക്കീസും മലങ്കര മെത്രാപ്പോലീത്തായും താമസിക്കുന്ന മുറികൾ കഴിച്ച് മറ്റു സകല മുറികളും ജപ്തിചെയ്തു പോലീസധീനത്തിൽ വെയ്ക്കാൻ മജിസ്ട്രേറ്റു ഇടവം 5–ാം തീയതി ഉത്തരവു പുറപ്പെടുവിച്ചു. ജപ്തിചെയ്യുന്നതിനു പാർവത്യക്കാർ സെമിനാരിയിൽ ചെന്നപ്പോൾ മാർ കൂറിലോസ്, ഒസ്താത്തിയോസ്, പാത്രിയർക്കീസിന്റെ കൂടെവന്ന പരദേശികളായ റമ്പാന്മാർ എന്നിവർ താമസിക്കുന്ന മുറികൾ മുദ്രവെയ്ക്കുന്നതിനു എന്തോ തടസ്സമുണ്ടായി. ഒടുവിൽ ആ മുറികൾക്ക് മുദ്ര വെയ്ക്കാതെ കഴിഞ്ഞു. കമ്മറ്റി മാളിക, ബസ്ഗാസാ മുറി എന്നിവയും മറ്റുമുറികളുമെല്ലാം ജപ്തിചെയ്ത് പോലീസധീനത്തിൽ ആക്കി"

## വട്ടശ്ശേരിൽ തിരുമേനിയെ മുടക്കി

വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിക്കൊണ്ട് 1911 ഇടവം 26–ാം തീയതി പാത്രിയർക്കീസ് കല്പന പുറപ്പെടുവിച്ചു. പഴയ സെമിനാരിയിൽ അടുത്ത മുറിയിൽ താമസിച്ചിരുന്ന വട്ടശ്ശേരിൽ തിരുമേനിക്ക് രജിസ്റ്റർ ചെയ്ത തപാൽ മാർഗ്ഗമാണ് പാത്രിയർക്കീസ് മുടക്കുകല്പന അയച്ചത്. മുടക്കപ്പെട്ട വട്ടശ്ശേരിൽ തിരുമേനി പഴയസെമിനാരിയിൽനിന്നിറങ്ങണം എന്നാണ് പാത്രിയർക്കീസും അദ്ദേഹത്തെ പിന്തുണച്ചവരും ആവശ്യപ്പെട്ടത്. എന്നാൽ മുടക്കുകല്പനയുടെ വാർത്ത കേട്ടപ്പോൾ മലങ്കരസഭയുടെ നാനാ ഭാഗത്തുനിന്നും നൂറുകണക്കിനാളുകൾ പഴയസെമിനാരിയിൽ എത്തിച്ചേർന്നു. മുടക്കുകല്പനയുടെ സാരാംശം പാത്രിയർക്കീസു തന്നെ വിവിധ പള്ളികളെ എഴുതി അറിയിച്ചു. മലങ്കര മെത്രാപ്പോലീത്തായുടെ ആസ്ഥാനമായ പഴയസെമിനാരി ചാപ്പലിൽ മുടക്കുകല്പന വായിക്കുവാൻ തയ്യാറാക്കി, കോനാട്ട് മല്പാൻ, സി.ജെ.കുര്യൻ തുടങ്ങി പാത്രിയർക്കീസ് കക്ഷിയിലെ പ്രമുഖരെല്ലാം പഴയസെമിനാരിയിൽ താമസിച്ചു. മുടക്കുകല്പന പഴയസെമിനാരിയിൽ വായിക്കുവാൻ ശ്രമിച്ചതിനെപ്പറ്റി ബഥനിയുടെ മാർ ഈവാനിയോസും (ഗിരിദീപം) കെ.സി.മാമ്മൻ മാപ്പിളയും അനുസ്മരിക്കുന്നുണ്ട്. അത് സംബന്ധിച്ച് അന്നത്തെ മലയാള മനോരമ വിശദമായ റിപ്പോർട്ടും കൊടുക്കുന്നുണ്ട്.

പഴയസെമിനാരിയിൽ ആ ഞായറാഴ്ച കുർബ്ബാന അർപ്പിച്ചത് ഔഗേൻ റമ്പാനായിരുന്നു. മാർ അബ്ദുള്ളാ പതിവിലും നേരത്തെ ചാപ്പലിൽഎത്തി കുർബ്ബാന നേരത്തെ നടത്താൻ ഔഗേൻ റമ്പാനോട് ആവശ്യപ്പെട്ടു. മെത്രാന്റെ ആസ്ഥാനമായ സെമിനാരിചാപ്പലിൽ തന്നെ മുടക്കുകല്പന വായിച്ച് വിജയം ഘോഷിക്കണമെന്നായിരുന്നു പാത്രിയർക്കീസും കൂടെയുള്ളവരും ആഗ്രഹിച്ചത്. എന്തിനും തയ്യാറായി വലിയൊരു സംഘം ജനങ്ങളും കുർബ്ബാന ആരംഭിക്കുന്നതിനു മുമ്പെ അവിടെ എത്തിച്ചേർന്നു.

"വട്ടശ്ശേരിൽ മെത്രാപ്പോലീത്തായുടെ അനുകൂലികളായി ചാപ്പലിൽ കൂടിയ ജനങ്ങളുടെ എണ്ണവും വണ്ണവും സെമിനാരിയുടെ രണ്ടാം നിലയിലിരുന്ന് നോക്കികണ്ട സി.ജെ,കുര്യൻ തെല്ലൊന്ന് പരിഭ്രമിച്ചു. അതിനാൽ ഇന്ന് മുടക്കുവായിക്കേണ്ട എന്നെഴുതിയ ഒരു കുറിപ്പ് മദ്ബഹായിൽ കോനാട്ട് മല്പാന് എത്തിച്ചു. മല്പാൻ പാത്രിയർക്കീസിന്റെ ചെവിയിൽ എന്തോ മന്ത്രിക്കുന്നതു ഞാനും കണ്ടു. മല്പാന്റെ കയ്യിൽ കിട്ടിയ കുറിപ്പ് വായിച്ചുകഴിഞ്ഞയുടൻ മദ്ബഹായിൽ താഴെയിട്ടു. അക്ഷണം ശെമ്മാശ്ശന്മാരിലൊരാൾ അതെടുത്തു" (മാർ ഈവാനിയോസ് ഗിരിദീപത്തിൽ) (ZMP IV.348).

1911 ഇടവം 32–ാം തീയതിയിലെ മനോരമയിൽ പഴയ സെമിനാരിയിൽ ഇടവം 29–ാം തീയതി നടന്ന കാര്യങ്ങൾ സംബന്ധിച്ച് വിശദമായി റിപ്പോർട്ട് ചെയ്യുന്നുണ്ട്.

"കുർബ്ബാന തുടങ്ങി കുറേ കഴിഞ്ഞപ്പോൾ ഏതാനും ആളുകൾ പള്ളിയിൽ വരികയും ഇവരുടെ അസാധാരണമായ ധൃതിഗതി....കണ്ട് മെത്രാപ്പോലീത്തായെ അപമാനിക്കുന്നതായ പാത്രിയർക്കീസിന്റെ പരസ്യക്കത്ത് അവിടെ വായിക്കുവാൻ ഭാവമുണ്ടെന്നു മനസ്സിലാക്കുകയും ചെയ്തു. ഈ വിവരം ക്ഷണനേരം കൊണ്ട് കോട്ടയംപട്ടണം ആസകലം പടർന്നു. ചെറിയപള്ളി, പുത്തൻപള്ളി, കുരിശുപള്ളി, ഏലിയാചാപ്പൽ ഇതുകൾ പൂട്ടിയുംവച്ച് ആളുകൾ കൂട്ടംകൂട്ടമായി സെമിനാരിയിലേക്ക് ഓടിതുടങ്ങി. ആരുമില്ലാതിരുന്ന സെമിനാരിപ്പള്ളിയും ചുറ്റുമുള്ള സ്ഥലവും അല്പനിമിഷം കൊണ്ട് ആളുകളെകൊണ്ട് നിറഞ്ഞു. വളരെ ശെമ്മാശ്ശന്മാരും കുർബ്ബാനയ്ക്കു മദ്ധ്യേ മദ്ബഹായിൽ വന്നുകേറുകയുണ്ടായി. ശെമ്മാശ്ശന്മാരുടെയും പട്ടക്കാരുടെയും മദ്ബഹായിലെ നിലയും, പള്ളിയകത്തുണ്ടായിരുന്ന അക്ഷമന്മാരായ ജനങ്ങളുടെ നിലയും കൂടെ കണ്ടപ്പോൾ സി.ജെ.കുര്യൻ മുടക്ക് വായിക്കരുതെന്ന് ഒരു കടലാസ്സിൽ കുറിച്ച് മദ്ബഹായിലേക്ക് കൊടുത്തയച്ചു. ഈ നുറുക്കുകടലാസ്സു കിട്ടിയ ശേഷം മാർ അബ്ദുള്ളായും ഒസ്താത്തിയോസും കൂറിലോസും മല്പാനും റമ്പാന്മാരും എല്ലാംകൂടി മദ്ബഹായിൽവെച്ചു ചില രഹസ്യാലോചനകൾ നടത്തുകയും, കുർബ്ബാന കഴിഞ്ഞശേഷം ഭഗ്നോത്സാഹരായി വാടിയ മുഖത്തോടുകൂടി വളരെ ധൃതിയിൽ മദ്ബഹായിൽനിന്ന് ഇറങ്ങുകയും ചെയ്തു. ഈ സമയം മാർ അബ്ദുള്ളായുടെ നടപടിപിശകുകളെയും സ്വഭാവത്തേയുംപറ്റി അബ്ദുൾ മശിഹാ 1910 വൃശ്ചികം 25–ാം തീയതി അയച്ച സന്ദേശവും, മുമ്പ് പത്രോസ് തൃതീയൻ അന്ന് മെത്രാനായിരുന്ന അബ്ദുള്ളായെ മുടക്കിയ സന്ദേശവും അച്ചടിച്ചത് പള്ളിയിൽ ഉണ്ടായിരുന്ന എല്ലാവർക്കും പാത്രിയർക്കീസിന്റെ കൂടെയുണ്ടായിരുന്ന ഒസ്താത്തിയോസ്, കൂറിലോസ്, മല്പാൻ തുടങ്ങിയ അനുചരന്മാർക്കും പാത്രിയർക്കീസിന്റെ നേരെ നിന്നുകൊണ്ട് കൊടുക്കുകയും പള്ളിയുടെ ഭിത്തികളിലും തൂണുകളിലും പതിപ്പിക്കുകയും ചെയ്തു. പള്ളിയിൽനിന്നു ഇറങ്ങി നാടകശാലയിൽ എത്തിയപ്പോൾ ജനങ്ങൾ തിങ്ങിക്കൂടി മാർ ദീവന്നാസിയോസിന് ചിയേഴ്സ് വിളിച്ചു. മാർ അബ്ദുള്ളാ കുപിതനായി കയ്യിലുണ്ടായിരുന്ന വടി ജനങ്ങളുടെനേരെ ഓങ്ങുന്ന ഭാവം കാണിക്കയും കോപമുഖത്തോടെ തിരിഞ്ഞുനോക്കുകയും ചെയ്തു. ഈസമയത്തൊക്കെയും ആളുകൾ ഇരുവശവും തിങ്ങി അടുത്തുകൂടുകയും മാർ ദീവന്നാസിയോസിന് ചിയേഴ്സ് പറഞ്ഞ് ആർത്തുവിളിക്കുകയും ചെയ്തു. അവിടെനിൽക്കുന്നത് നല്ലതല്ലെന്ന് പാത്രിയർക്കീസിനും കൂട്ടർക്കും ബോധ്യം വരികയാൽ വേഗത്തിൽ മുന്നോട്ട് നടന്നു..... മെത്രാപ്പോലീത്തായ്ക്ക് ചിയേഴ്സ് വിളികളോടുകൂടി ജനങ്ങൾ പിന്തുടർന്നു. സെമിനാരിയുടെ രണ്ടാമത്തെ നിലയിലെത്തിയ മാത്രയ്ക്കു പാത്രിയർക്കീസും റമ്പാന്മാരുംകൂടി മുറിയിൽ കയറുകയും കതകുപെട്ടന്നടച്ചുകുറ്റിയിടുകയും ചെയ്തു. അവിടെനിന്നു ജനങ്ങൾ എല്ലാവരും കൂടെ മെത്രാപ്പോലീത്താ ഇരിക്കുന്നതായ മുറിയിലേക്ക് പോകുകയും എല്ലാവരും വളരെ ആദരപൂർവ്വം കൈമുത്തി അനുഗ്രഹം പ്രാപിക്കുകയും ചെയ്തു. ഈ കൂട്ടത്തിലുണ്ടായിരുന്ന പല വയോവൃദ്ധന്മാരും മെത്രാപ്പോലീത്തായുടെ കൈപിടിച്ച് പലപ്രാവശ്യം ചുംബിച്ച കാഴ്ച ആരെയും ഇളക്കത്തക്കതായിരുന്നു.

കോട്ടയത്ത് ചെറിയപള്ളി, കുരിശുപള്ളി, ഏലിയാ ചാപ്പൽ, പുത്തൻപള്ളി എന്നീ ദേവാലയങ്ങളിലും കത്തുവായിച്ചില്ല. പുതുപ്പള്ളിൽ വലിയപള്ളിയിലും, നിലയ്ക്കൽ പള്ളിയിലും വായന ഉണ്ടായില്ല. തോട്ടയ്ക്കാട്, വാകത്താനം, മീനടം കിഴക്ക്, മീനടം പടിഞ്ഞാറ്, കുമരകം, നാലുന്നാക്കൽ, വെട്ടിക്കുന്നേൽ, പള്ളം, പാമ്പാടി, വാഴൂർ എന്നീ പള്ളികളും അബ്ദുള്ളായുടെ പരസ്യക്കത്തു നിരാകരിച്ചു. തിരുവല്ല, പാലിയക്കര, തിരുവല്ല കട്ടപ്പുറം, തിരുവല്ല തെക്കേപുത്തൻ എന്നീ പള്ളിക്കാരുംഅബ്ദുള്ളായുടെ കത്ത് വായിക്കാൻ കൂട്ടാക്കിയില്ല.

ഇവയ്ക്കുപുറമേ കോട്ടയം, നിരണം, തുമ്പമൺ, കൊല്ലം എന്നീ മെത്രാസന ഇടവകകളിൽ മിക്ക പള്ളികളിൽനിന്നും പള്ളിക്കാരിൽനിന്നും പള്ളിക്കാരെപ്പറ്റിയും എഴുത്തുകളും കമ്പികളും ഞങ്ങൾക്ക് കിട്ടിയിട്ടുണ്ട്. ഇവർ എല്ലാവരും പാത്രിയർക്കീസിന്റെ ഈ എഴുത്തിനെ നിഷേധിക്കുന്നതായും, ഈ എഴുത്തുമൂലം വളരെ ക്ഷോഭിച്ചിട്ടുണ്ടെന്നും അറിയുന്നു എന്നും മനോരമ പത്രാധിപരുടെ ഒരു കുറിപ്പും വർത്തമാനക്കത്തുകളുടെ ചുവട്ടിൽ ചേർത്തിട്ടുണ്ട്." (ZMP IV.348,349,350)

## അബ്ദുള്ളാ പാത്രിയർക്കീസ് വട്ടശ്ശേരിൽ തിരുമേനിക്കു നൽകിയ മുടക്കുകൽപന

സർവ്വശക്തനായി സാരാംശസമ്പൂർണ്ണനായിരിക്കുന്ന ആദ്യന്തമില്ലാത്തവന്റെ തിരുനാമത്തിൽ തനിക്കു സ്തുതി.

ബലഹീനനായ രണ്ടാമത്തെ അബ്ദെദാലോഹോ ആകുന്ന അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ ഇഗ്നാത്തിയോസ് പാത്രിയർക്കീസ്

നമ്പർ 30 (മുദ്ര)

ഗീവർഗീസ് ദീവന്നാസിയോസിനെ അറിയിക്കുന്നത്. താൻ പ്രവർത്തിക്കുന്നതിന്റെ സകലധിക്കാരത്തെയും നേരുകേടിനെയും തിന്മയെയും കലഹങ്ങളെയും ഭിന്നതകളെയും ഞാൻ കണ്ടും കേട്ടും മനസ്സിലാക്കിയിരിക്കുന്നു. അവയെ താഴെകാണിക്കുന്നു.

1. പൊതുമുതലുകൾ മലങ്കരയുള്ള ഈ സുറിയാനി ജാതിയുടെ ഉത്തമമായ ഗുണത്തിനുതകത്തക്കവണ്ണം ശരിയായിട്ടും പക്ഷപ്രതികൂടാതെയും നിങ്ങൾ നടത്തുന്നില്ല. 2. വിശുദ്ധ സഭയുടെ നന്മയ്ക്കെതിരായി തന്നിഷ്ടം പോലെ സകലവും പ്രവർത്തിപ്പാൻ ഏറ്റം ശ്രമിച്ചുകൊണ്ടു പൂർണ്ണമായ സർവ്വസ്വാതന്ത്ര്യത്തോടുകൂടെ അധികാരം നടത്തുന്നു. 3. സഭയിൽ സ്വാതന്ത്ര്യാധികാരം ലഭിക്കുന്നതിനായി നേരെ അല്ലാത്ത മാർഗ്ഗത്തിൽക്കൂടെ നടക്കുന്നു. 4. മേല്പറഞ്ഞ അധികാരം ലഭിപ്പാനായി ദൈവത്തിന്റെ വി.സഭയിൽ ഛിദ്രങ്ങളും വിവാദങ്ങളും കലഹങ്ങളുമുണ്ടാക്കുന്നു. 5. ദുരുദ്ദേശത്തെ ആശ്രയിച്ചുകൊണ്ട് മേലധികാരിയില്ലാത്തവണ്ണം സർവ്വാധികാരം ലഭിപ്പാൻ ശ്രമിക്കുന്നു. 6. നിയമപ്രകാരവും ന്യാപ്രകാരവുമുള്ള മേലാവിനെ അനുസരിക്കുന്നില്ല. 7. നമ്മുടെ സ്ഥാനത്തോടും പത്രോസിനടുത്ത സിംഹാസനത്തോടും ജനങ്ങൾക്കുള്ള ആദരവിനും വിശ്വാസത്തിനും കുറവുവരത്തക്കവണ്ണവും നമ്മുടെ പ്രധാന പുരോഹിതസ്ഥാനത്തോട് ബഹുമാനക്കുറവും വല്യ വെറുപ്പും ഉണ്ടാകത്തക്കവണ്ണം അടിസ്ഥാനമില്ലാത്ത വ്യാജമായ വർത്തമാനങ്ങളെ എല്ലാസ്ഥലത്തും പ്രചരിപ്പിക്കുകയും അതിനെ പ്രവർത്തിക്കുന്നവരെ സഹായിക്കുകയും ചെയ്യുന്നു. 8. നിങ്ങളുടെ ഉള്ളിൽ മറഞ്ഞുകിടക്കുന്ന ദുരുദ്ദേശങ്ങളുടെ നിവർത്തിക്കുവേണ്ടി കാതോലിക്കായ്ക്ക് അടുത്തതും ശ്ലീഹായ്ക്ക് അടുത്തതുമായ സഭയുടെ പൂർവ്വാചാരങ്ങൾക്കും കാനോനാകൾക്കും എതിരായി നിങ്ങൾ ചിലതെല്ലാം പ്രവർത്തിക്കുകയും ദുരുപദേശങ്ങളെ പുറപ്പെടുവിക്കുകയും അങ്ങിനെയുള്ള ത്യാജ്യങ്ങളായ ദുരുപദേശങ്ങളെ പ്രസംഗിക്കുന്നവർക്കു സഹായിക്കുകയും ചെയ്യുന്നു. 9. മേൽപറഞ്ഞ പ്രവർത്തികളെല്ലാം നിങ്ങളുടെ വാഴ്ചസമയത്ത് പിതൃപുത്ര പരിശുദ്ധാത്മാവാം സത്യദൈവത്തിന്റെ മുമ്പാകെയും, തന്റെ പരിശുദ്ധന്മാരുടെ മുമ്പാകെയും മാലാഖമാരുടെ മുമ്പാകെയും പാപമോചനം നൽകുന്ന മദ്ബഹായുടെ മുമ്പാകെയും ഭയങ്കരമായ വി.കുർബ്ബാനയുടെ മുമ്പാകെയും............ പരസ്യമായി വായിച്ചു സത്യം ചെയ്തിട്ടുള്ള ശൽമൂസോയ്ക്ക് വിപരീതമായ സത്യലംഘനമാകുന്നു. 10. ജീവനുള്ളവനും ജീവൻ നൽകുന്നവനും.......... എല്ലാം കണ്ടുകൊണ്ടിരിക്കുന്നവനുമായ ദൈവതിരുമുമ്പാകെ ചെയ്തിട്ടുള്ള സത്യത്തെ ലംഘിച്ചതുകൊണ്ടും............ കാനോനാകളെ ലംഘിച്ചതുകൊണ്ടും പൂർവ്വാചാരങ്ങളെ ചവുട്ടിമെതിച്ചതുകൊണ്ടും ഉന്നതമേറിയ ഈ മേൽപട്ടസ്ഥാനത്തിരിപ്പാൻ നിങ്ങൾ യോഗ്യനല്ല. മേൽപറഞ്ഞവ കൂടാതെ നിങ്ങളുടെ കൈകൾക്കു വിറയൽ ഉള്ളതുകൊണ്ട്......... പീലാസായും കാസായും കയ്യിൽപിടിച്ചു തനിച്ചുതന്നെ കുർബ്ബാന ചൊല്ലാൻ പാടില്ലാതിരിക്കുന്നു. വിശുദ്ധ പാത്രങ്ങളിലെ ശരീരരക്തങ്ങൾ കൈകളിൽനിന്നു വീണുപോകാതിരിപ്പാൻ അന്യസഹായവും താങ്ങലും നിങ്ങൾക്കു വേണ്ടി വന്നിരിക്കുന്നു. മേൽപട്ടക്കാരനോ പട്ടക്കാരനോ ആയ ഒരുവനും അന്യസഹായത്തോടും താങ്ങലോടുംകൂടെ കുർബ്ബാന ചൊല്ലാൻ അധികാരവും അനുവദാവും ഇല്ല......... പട്ടംകൊടുക്കുകയും........ സൈത്തുകൂദാശയും മദ്ബഹാ കൂദാശയും തബ്ലൈത്താ കൂദാശയും നടത്തുകയും മറ്റും ചെയ്യുവാൻ അധികാരമില്ല.......... കുർബ്ബാന ചൊല്ലാൻ നിങ്ങൾക്ക് പാടില്ലെങ്കിൽ മെത്രാപ്പോലീത്തായ്ക്ക് അടുത്ത പ്രവർത്തികളെല്ലാം നടത്തുന്നതെങ്ങനെ? എന്നാൽ വിശുദ്ധസഭ ആവശ്യപ്പെടുന്നത് കുറ്റമില്ലാത്തവനെയാണ്. ആയതുകൊണ്ട് ദൈവത്തിന്റെ വിശുദ്ധസഭയിൽ ഇങ്ങനെ മേൽപട്ടക്കാരനായിരിപ്പാൻ നിങ്ങൾക്ക് യോഗ്യതയില്ല. ഈ കാരണങ്ങളാലും നിസ്സാരമല്ലാത്ത മറ്റുകാരണങ്ങളാലും........... നിങ്ങൾക്ക് നാം തന്നിട്ടുള്ള........... മെത്രാപ്പോലീത്താ സ്ഥാനത്തിലിരിപ്പാൻ നിങ്ങൾക്കു അശേഷം യോഗ്യതയില്ലെന്നു എനിക്കു ബോധ്യം വന്നിരിക്കുന്നു............. പട്ടത്വത്തിന് പോലും നിങ്ങൾ യോഗ്യനല്ല. നിങ്ങളുടെ അഹങ്കാരപ്രവർത്തികളെക്കുറിച്ചും നേരില്ലായ്മയെക്കുറിച്ചും മറ്റു മെത്രാപ്പോലീത്തന്മാർ എന്റെ മുമ്പാകെ വാക്കുകളാലും രേഖമൂലവും സാക്ഷിപ്പെടുത്തിയിരിക്കുന്നു.......... നിങ്ങളോടുള്ള കരുണ നിമിത്തം ഇപ്പോൾ രണ്ട് വർഷമായി നിങ്ങളെക്കുറിച്ച് ഞാൻ സഹിച്ചിരുന്നു. പല പ്രാവശ്യം അഭിമുഖമായി നാം ഗുണദോഷിക്കുകയും ചെയ്തു. നേരുകേടിൽനിന്ന് തിരിഞ്ഞ് മുടിയനാം പുത്രനെപ്പോലെ സത്യ അനുതാപം കഴിച്ചുവന്നേക്കുമെന്നുകരുതി ഞാൻ നോക്കിപ്പാർത്തിരുന്നു. എന്നാറെ അനുതപിക്കാതെ നിങ്ങളുടെ ഹൃദയം ഫറവോന്റേതുപോലെ കഠിനപ്പെടുകയും അനുസരമില്ലായ്മയും മറ്റും കുറേക്കൂടെ വർദ്ധിക്കുകയുമത്രേ ചെയ്തത്. ഇങ്ങനെ നിങ്ങളെക്കുറിച്ചുണ്ടായിരുന്ന എന്റെ ആശ ഛേദിക്കപ്പെട്ടു. അതിനാൽ ഉന്നതമായ മേൽപട്ടസ്ഥാനത്തുനിന്ന് ഞാൻ നിങ്ങളെ മുടക്കുകയും തള്ളുകയും ഉരിയുകയും ചെയ്തിരിക്കുന്നു. നിങ്ങളുടെ മുടക്കിനെക്കുറിച്ച് എല്ലാ മെത്രാപ്പോലീത്തന്മാർക്കും പള്ളികൾക്കും സന്ദേശം അയച്ചിരിക്കുന്നു. ഈ സന്ദേശം കിട്ടുന്ന നാഴിക മുതൽ മേൽപട്ടക്കാരനോ കത്തനാരോ ആയിരിപ്പാനും ആ സ്ഥാനങ്ങൾക്കടുത്ത യാതൊരു പ്രവർത്തിയും ചെയ്യാനും നിങ്ങൾക്കു അധികാരവും അനുവാദവും ഇല്ല. നിങ്ങൾ മേൽപട്ടക്കാരനോ കത്തനാരോ അല്ല. മേൽപട്ടക്കാരുടെയും കത്തനാരന്മാരുടെയും കൂട്ടത്തിൽനിന്ന് നിങ്ങളെ ഞാൻ തള്ളിയിരിക്കുന്നു. ഞാൻ നിങ്ങൾക്ക് തന്നത് നിങ്ങളിൽനിന്നു എടുക്കുകയും ചെയ്തിരിക്കുന്നു. ഇപ്രകാരം അറിഞ്ഞുകൊള്ളുക.

1911 ഇടവം 26–ാം തീയതി കോട്ടയത്തു പഴയസെമിനാരിയിൽനിന്നു

# സഖറിയായോടുള്ള അറിയിപ്പിന്റെയും ദൈവമാതാവിനോടുള്ള വചനിപ്പിന്റെയും, എലിശുബായുടെ അടുക്കലേക്കുള്ള മറിയത്തിന്റെ യാത്രയുടെയും, യോഹന്നാൻ മാംദാനയുടെ ജനനത്തിന്റെയും ഞായറാഴ്ചകൾ

## ധ്യാനപീഠം

ഫാ.ജോൺ റ്റി.വർഗീസ് കുളക്കട

### സഖറിയാവിനോടുള്ള അറിയിപ്പിന്റെ ഞായർ

**വി.ലൂക്കോസ് 1:1–17**

മാലാഖി 3:1,2 എനിക്കു മുമ്പായി വഴിനിരത്തേണ്ടതിന് ഞാൻ എന്റെ ദൂതനെ അയക്കുന്നു. അവൻ ഊതിക്കഴിക്കുന്നവന്റെ തീ പോലെയും അലക്കുന്നവരുടെ ചാരവെള്ളം പോലെയും ഇരിക്കും. ഈ വചന നിവർത്തിയാണ് യോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ്. മാലാഖി പ്രവചനത്തോടുകൂടി യിസ്രായേലിൽ പ്രവചനം നിലച്ചുപോയി. എന്നാൽ പുതിയ യിസ്രായേലാകുന്ന സഭയിൽ വചനം ഇതോടുകൂടി ആരംഭിച്ചു. സഖറിയാ പുരോഹിതന്റെയും എലിശുബായുടെയും കുടുംബജീവിതം ദൈവതിരുമുമ്പാകെ വളരെ വിലയേറിയതായിരുന്നു. അവർ രണ്ടുപേരും ദൈവതിരുമുമ്പാകെ നീതിയുള്ളവരും കർത്താവിന്റെ സകല കൽപനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരായിരുന്നു. ഇന്നത്തെ കുടുംബജീവിതവുമായി താരതമ്യപ്പെടുത്തുമ്പോൾ എത്ര ശ്രേഷ്ഠമായിരുന്നു അവരുടെ കുടുംബജീവിതം. എന്നാൽ അവർക്ക് മക്കളില്ലാതിരുന്ന ദുഃഖം അവരിരുവരും ദൈവസന്നിധിയിൽ സമർപ്പിക്കുമായിരുന്നു. അതുകൊണ്ടാണല്ലോ ദൂതന്റെ അറിയിപ്പിൽ നിങ്ങളുടെ പ്രാർത്ഥന ദൈവം കൈക്കൊണ്ടു എന്ന പ്രസ്താവന ഉണ്ടായത്. രണ്ടുപേരും പുരോഹിതകുടുംബത്തിൽപ്പെട്ടവരും ആയിരുന്നു.

യെറുശലേം ദേവാലയത്തിൽ ശുശ്രൂഷാക്രമം നറുക്കിട്ടാണ് എടുത്തിരുന്നത്. ഇരുപത്തിനാലു ഗണത്തിൽ ഇരുപത്തിനാലായിരം പുരോഹിതരിൽനിന്നാണ് സഖറിയാവിന് നറുക്ക് വീണത്. അദ്ദേഹം ധൂപം അർപ്പിക്കുമ്പോൾ ദൂതൻ പ്രത്യക്ഷപ്പെട്ട് യോഹന്നാന്റെ ജനനത്തെക്കുറിച്ച് അറിയിക്കുന്നതാണ്. ഇതു കേട്ട മാത്രയിൽ സഖറിയാവ് സംശയിക്കുകയും ശിക്ഷ ഏറ്റുവാങ്ങുകയും ചെയ്തു. ഈ സമയം ജനം പ്രാർത്ഥനയിൽ മുഴുകിയിരിക്കുകയാണ്. ഇക്കാലത്ത് നമ്മുടെ ജനങ്ങൾ ആരാധനയ്ക്ക് എത്തുന്നത് എത്ര അലസമായിട്ടും ഏതെല്ലാം സമയത്തുമാണ്. ആ രീതി പാടെ മാറേണ്ടിയിരിക്കുന്നു.

ദൈവത്തിന്റെ നീതി ലോകത്തിന്റേതിയിൽനിന്നു വ്യത്യസ്തമാണ്. ലോകപ്രകാരം നീതിയായി ജീവിച്ചവർക്ക് കിട്ടേണ്ടതായ പ്രതിഫലം ചിലപ്പോൾ കുറെകാലത്തേക്ക് ലഭിച്ചു എന്നു വരികയില്ല.

1: പത്രോസ് 3:8–9 എന്നാൽ പ്രിയമുള്ളവരെ കർത്താവിന് ഒരു ദിവസം ആയിരം സംവത്സരംപോലെയും, ആയിരം സംവത്സരം ഒരു ദിവസംപോലെയും ഇരിക്കുന്നു എന്നുള്ളത് നിങ്ങൾ മറക്കരുത്.ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദാനം നിവർത്തിക്കാൻ താമസിക്കുന്നില്ല. ഈ വാഗ്ദാന നിവർത്തിയാണ് ഇന്നു സംഭവിച്ചിരിക്കുന്നത്. ഓരോരുത്തരുടെയും പദവി അനുസരിച്ചാണ് ശിക്ഷയുടെ ഏറ്റക്കുറച്ചിൽ. പുരോഹിതനിൽ നിന്നു പ്രതീക്ഷിച്ചതിനു വിപരീതമായിട്ടാണ് സംഭവിച്ചത്. അതിനാൽ ശിക്ഷിക്കപ്പെട്ടു. വിലൂക്കോ.1:68 യിസ്രായേലിന്റെ ദൈവം അനുഗ്രഹിക്കപ്പെട്ടവൻ. അവൻ തന്റെ ജനത്തെ സന്ദർശിച്ചു എന്ന സ്തുതി വചനമാണ് നാവിന്റെ ബന്ധനം അഴിഞ്ഞ ഉടനെ പുരേഹിതന്റെ വായിൽനിന്നും വന്നത്. ദൂതൻ പറഞ്ഞു അവൻ കർത്താവിന്റെ സന്നിധിയിൽ മഹാനായിത്തീരും. ഈ വലിയ പ്രവാചകന് മൂന്ന് ദൗത്യങ്ങൾ നിറവേറ്റേണ്ടതായിട്ടുണ്ട്. 1. യിസ്രായേൽ മക്കളിൽ പലരേയും അവരുടെ ദൈവമായ കർത്താവിങ്കലേക്ക് തിരിച്ചുവരുത്തും (മാനസാന്തരത്തിൽക്കൂടി) 2. അവൻ ജനത്തെ അച്ചടക്കമുള്ള ഒരു കൂട്ടമായി മാറ്റിയെടുക്കും. 3. താൻ സജ്ജമാക്കിയ ദൈവജനത്തിനു മുമ്പായി നടക്കുവാനുള്ള ദൗത്യം – ഏലിയാവിന്റെ ആത്മാവോടും ശക്തിയോടും കൂടി ദൈവജനത്തെ നയിക്കും.

നമ്മുടെ കുടുംബങ്ങൾ ദൈവതേജസ്സു കൊണ്ട് നിറയണം. അതിനാൽ കുടുംബങ്ങളിൽ പരിവർത്തനങ്ങൾ ഉണ്ടാകണം. താലന്തായി ലഭിച്ചിട്ടുള്ള മക്കളെ കർത്താവിന്റെ ബാലശിക്ഷയിലും സത്യോപദേശത്തിലും പോറ്റി വളർത്താൻ മാതാപിതാക്കൾ പ്രാർത്ഥനാപൂർവ്വം ശ്രമിക്കണം.

### ദൈവമാതാവിനോടുള്ള വചനിപ്പിന്റെ ഞായർ

**വി.ലൂക്കോസ് 1:26–38**

സഭാവർഷത്തിൽ രണ്ടു പ്രാവശ്യം ആചരിക്കുന്ന പെരുന്നാളാണ് വചനിപ്പുപെരുന്നാൾ. കർത്താവിന്റെ ജനനപ്പെരുന്നാളിനോടനുബന്ധിച്ചും മാർച്ച് 25–ാം തീയതിയും. രണ്ടാമത്തേതാണ് യഥാർത്ഥ ദിവസം. മാർച്ച് 25. ദുഃഖവെള്ളിയാഴ്ച ആയിരുന്നാൽക്കൂടെയും പെരുന്നാൾക്രമമനുസരിച്ച് വി.കുർബ്ബാന ചൊല്ലുകയും വേണം. അതു സഭയുടെ പൊതുവായ നിയമമാണ്. പരിശുദ്ധസഭയിൽ ത്രിത്വനാമം കഴിഞ്ഞാൽപിന്നെ ഏറ്റവും ബഹുമാനിക്കപ്പെടുന്ന വ്യക്തി പ.ദൈവമാതാവാണ്. ആ വലിയ പദവിക്ക് മാതാവിനെ അർഹയാക്കിയത് വിനയം, വിധേയത്വം, വികാശത്വം ഈ ത്രിമാനഗുണങ്ങൾ പ.മാതാവിൽ ഒരുപോലെ സമ്മേളിച്ചിരുന്നതുകൊണ്ടാണ്. ഏകദേശം പന്ത്രണ്ടുവയസ്സുള്ള ഒരു ബാലികയോട് പ്രധാന ദൂതനായ ഗബ്രിയേൽ വചനിപ്പ് അറിയിക്കുമ്പോൾ ഇതാ ഞാൻ കർത്താവിന്റെ ദാസി എന്നു അതിവിനയത്തോടും അവിടുത്തെ ഇഷ്ടംപോലെ എനിക്കു ഭവിക്കട്ടെ എന്ന വിധേയത്വവും സ്വയം പ്രഖ്യാപിക്കുന്നു. ഇമ്മാതിരി വിനയവും വിധേയത്വവും ഉള്ളവർക്കു മാത്രമെ വികാശത്വം ഉണ്ടാവുകയുള്ളു. അതുംകൂടെ ആയിക്കഴിയുമ്പോൾ സുഖദുഃഖങ്ങളെ നിയന്ത്രിക്കുവാനുള്ള മനോബലം ഉണ്ടാവുകയുള്ളു. ഈ അനുഭവത്തിൽനിന്നാണ് വൃദ്ധനായ ശീമോൻ യെറുശലേം ദേവാലയത്തിൽവെച്ച് നിന്റെ ഹൃദയത്തിൽക്കൂടി ഒരു വാൾ കടക്കും എന്നുള്ള പ്രവചനം സാക്ഷാൽക്കരിക്കപ്പെട്ടത്.

പ.മാതാവിനെപ്പോലെ മനപീഢകൾ അനുഭവിച്ച ഒരു അമ്മ ലോകത്തിൽ ഉണ്ടായിട്ടില്ല. സ്വപുത്രൻ കുരിശിൽകിടന്ന് പിടഞ്ഞുമരിച്ചത് സമചിത്തതയോടെ കണ്ടുനിൽക്കാൻ അമ്മയ്ക്കു സാധിച്ചു. വചനിപ്പിൽ കൃപനിറഞ്ഞവളെ എന്ന സംബോധന എത്രമാത്രം അനുഗ്രഹപ്രദമാണ്. മാതാവിനോടുള്ള പ്രാർത്ഥനയിൽ കൃപനിറഞ്ഞവളെ എന്നു ചൊല്ലണം. നന്മനിറഞ്ഞവളെ എന്നു ചിലർ ചൊല്ലുന്നത് തെറ്റാണ്. എല്ലാ മനുഷ്യരിലും നന്മയുടെ അംശങ്ങൾ കാണും. പ.മാതാവിന്റെ ജീവിതത്തിൽ കൃപയുടെ ആകെ തുകയാണ് ദൈവപുത്രനെ ഗർഭംധരിച്ച് പ്രസവിച്ച് ലോകത്തിന് സമർപ്പിച്ചത്. വചനം ജഢത്തോട് സമ്മേളിച്ച പെരുന്നാളാണ് വചനിപ്പു പെരുന്നാൾ. പ.കന്യകമറിയാമിനെ ദൈവമാതാവെന്ന് ആദ്യം സംബോധന ചെയ്തത് ഗബ്രിയേൽ മാലാഖയാണ്. രണ്ടാമത് യോഹന്നാന്റെ മാതാവായ എലിശുബായും. എന്റെ കർത്താവിന്റെ അമ്മ എന്നാണ് എലിശുബാ വിളിച്ചത്.

വചനിപ്പു ശ്രവിച്ചപ്പോൾ മറിയം ചഞ്ചലപ്പെട്ടുകാണും. അതുകൊണ്ടാണ് മാലാഖ പറഞ്ഞത് ഭയപ്പെടേണ്ട എന്ന്. മറിയാമിന് ഈ വാർത്ത കേട്ടപ്പോൾ സംശയമുണ്ടായി. ആ സംശയം മാലാഖയോട് ചോദിച്ച് സംശയനിവാരണം വരുത്തി ധൈര്യപ്പെടുകയാണ്. പുരോഹിതനായ സഖറിയാ സംശയാലുവായതിനാൽ ശിക്ഷയ്ക്ക് പാത്രീഭൂതനായി. എലിശുബായുടെ ഗർഭധാരണ വൃത്താന്തം മാലാഖ മറിയാമിനോട് അറിയിച്ചപ്പോൾ അത് വിശ്വസിക്കുകയും ധൈര്യം പ്രാപിക്കുകയും ചെയ്തു. കൃപ ദൈവത്തിന്റെ ദാനമാണ്. അതു യാചിക്കാതെ ലഭിക്കുന്നതാണ്. ചോദിക്കാതെ ലഭിക്കുന്ന കൃപയ്ക്ക് നന്ദിയും കടപ്പാടും ഉത്തരവാദിത്വവും കൂടും. അതു സമ്പൂർണ്ണ സമർപ്പണത്തിൽക്കൂടെ മാത്രമെ ലഭിക്കുകയുള്ളു. കാതോലിക സഭകളെല്ലാം പ.ദൈവമാതാവിനെ ദൈവമാതാവെന്നു സംബോധന ചെയ്യുമ്പോൾ ആധൂനിക പ്രൊട്ടസ്റ്റന്റു സഭകൾ അപ്രകാരം വിശ്വസിക്കുകയോ സംബോധന ചെയ്യുകയോ പഠിപ്പിക്കുകയോ ചെയ്യുന്നില്ല.

ദൈവത്താൽ അസാദ്ധ്യമായത് ഒന്നും ഇല്ല എന്നു ദൂതനിൽനിന്നു കേട്ടപ്പോൾ ബുദ്ധി കൊണ്ട് ഗ്രഹിക്കാൻ കഴിയാത്ത ആ സത്യം മറിയം ഭക്തികൊണ്ടു സ്വായത്തമാക്കി. വരാൻപോകുന്ന പ്രയാസങ്ങളെല്ലാം അറിഞ്ഞുകൊണ്ടുതന്നെ ദൂതു സ്വീകരിക്കുകയാണ്. ഇവിടെയാണ് ദൈവവിശ്വാസത്തിന്റെ മഹത്വം വെളിപ്പെടുന്നത്. കർത്താവു തരുന്നതെന്തും സ്വീകരിക്കാനുള്ള മനസ്സാണ് വിശ്വാസത്തിന്റെ മാനദണ്ഡം എന്നു മനസ്സിലാക്കി യഥാർത്ഥ ക്രിസ്തീയ ജീവിതം നയിക്കാനുള്ള പ്രാപ്തി എല്ലാവർക്കും ലഭിക്കുന്നതിന് വിനയം, വിധേയത്വം, വികാശത്വം എന്ന ത്രിമാനഗുണങ്ങൾ നമ്മുടെ ജീവിതത്തിലും ഉണ്ടാകുവാൻ പ്രാർത്ഥിക്കാം.

### എലിശുബായുടെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്രയുടെ ഞായർ

**വി.ലൂക്കോസ് 1:39–56**

പ.കന്യക മറിയാമിന് തന്റെ ചാർച്ചക്കാരിയും വൃദ്ധയും വന്ധ്യയും ആയ ഏലിശുബാ ഗർഭിണി ആയിട്ട് ആറുമാസമായി എന്ന് ഗബ്രിയേൽ ദൂതനിൽനിന്നും കേട്ടപ്പോൾ എലിശുബായെ സന്ദർശിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനുമുള്ള തീരുമാന നിവർത്തിക്കായി ഉള്ള യാത്രയാണ്. മലനാട്ടിലുള്ള എലിശുബായുടെ ഭവനത്തിൽ എത്തിയപ്പോൾ എലിശുബാ സന്തോഷത്തോടും ആഹ്ളാദത്തോടുംകൂടി മറിയാമിനെ സ്വീകരിക്കുന്നു. മറിയാമിന്റെ സമാധാന വചനം ഏലിശുബായുടെ കാതുകളിൽ പതിച്ചപ്പോൾ ഉണ്ടായ അത്ഭുതം പിള്ള ഗർഭത്തിൽ തുള്ളിച്ചാടുന്ന അനുഭവം. എലിശുബാ കന്യകമറിയാമിനെ എന്റെ കർത്താവിന്റെ അമ്മ എന്ന് ഉച്ചത്തിൽ വിളിച്ചുപറഞ്ഞ് മാതാവിനെ ആദരിക്കുന്നു. ഓർത്തഡോക്സ് സഭകളുടെ കാതലായ വിശ്വാസമാണ് ശിശുക്കളുടെ മാമോദീസാ. അത് ശിശുക്കൾക്കും ആത്മീയ നൽവരം പ്രാപിക്കുന്നതിനുള്ള ശക്തി ഉണ്ടെന്നുള്ള സത്യവിശ്വാസത്തിന്റെ അടിസ്ഥാനം ഈ സംഭവത്തിൽക്കൂടിയാണ്. പ്രൊട്ടസ്റ്റന്റു സഭകൾ ഈ വിശ്വാസത്തിനെതിരായിട്ടാണു പഠിപ്പിക്കുന്നത്. അബദ്ധജഢിലമായ വേദവിപരീതമാണ്. ശൈശവത്തിൽ കുഞ്ഞുങ്ങൾക്ക് മാമോദീസാ നൽകുന്നതിനാൽ അവർക്കു തിരിച്ചറിയുന്നതിനു പ്രാപ്തി ഇല്ലെന്നും പ്രായമാകുമ്പോൾ വിവേചിച്ചറിയാനുള്ള ശക്തി ലഭിക്കുമെന്നും അപ്പോൾ മാത്രമെ മാമോദീസാ നൽകാവൂ എന്നുമാണ് അവരുടെ പഠിപ്പിക്കൽ.

കർത്താവ് തന്നോട് അരുളിച്ചെയ്തതു നിവർത്തിതമാകും എന്നു വിശ്വസിച്ചവൾ ഭാഗ്യവതി എന്നുള്ള പ്രസ്താവനയിൽ തന്റെ ഭർത്താവിനുണ്ടായതായ അനുഭവം എലിശുബാ ഓർത്തു ദുഃഖിക്കുകയാണ്. വി.ലൂക്കോസ് 1–ാം അദ്ധ്യായം 46 മുതൽ 55 വരെയുള്ള ഭാഗത്തിന് മറിയാമിന്റെ പാട്ട് എന്നാണ് പിതാക്കന്മാർ വിശേഷിപ്പിക്കുന്നത്. 48–ാം വാക്യത്തിൽ ഇന്നുമുതൽ എല്ലാ തലമുറയും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും. ആ ത്രിവചനം നിവർത്തിയായതുകൊണ്ടാണ് ഇന്ന് ലോകമെമ്പാടും പ.മാതാവിനെ ഏറ്റവും ബഹുമാനിക്കുന്നതും മദ്ധ്യസ്ഥത അപേക്ഷിക്കുന്നതും.

എലിശുബാ പഴയനിയമത്തെയും വി.കന്യകമറിയം പുതിയ നിയമത്തെയും രൂപീകരിച്ചിരിക്കുന്നു. വി.കുർബ്ബാനയൽ ധൂപക്കുറ്റി വാഴ്ത്തി ശുശ്രൂഷകനിൽനിന്ന് പുരോഹിതൻ വാങ്ങുന്നത് പഴയനിയമ ശുശ്രൂഷ ഇവിടെ അവസാനിക്കുന്നു. പുതിയ നിയമശുശ്രൂഷ കർത്താവ് ഏറ്റുവാങ്ങുന്നു എന്നതിനെ സൂചിപ്പിക്കുകയാണ്. വി.വേദപുസ്തകത്തിൽ നാലു വചനിപ്പുകൾ എടുത്തുപറയുന്നതിൽ മൂന്നെണ്ണം പഴയനിയമത്തിലാണ്. 1. അബ്രഹാമിന് ഒരു മകൻ ജനിക്കുമെന്ന് മൂന്നു വഴിയാത്രക്കാർ മാലാഖാമാർ പ്രവചിച്ചു. 2. മനോഹയ്ക്ക് ശിംശോൻ ജനിക്കുമെന്നുള്ള പ്രവചനം. 3. സഖറിയാ പുരോഹിതന് കർത്താവിന്റെ മുന്നോടിയായ യോഹന്നാൻ ജനിക്കുമെന്ന് ഗബ്രിയേൽ മാലാഖയുടെ അറിയിപ്പ്. നാലാമത്തേത് പുതിയനിയമത്തിൽ കന്യകമറിയാമിന് ലഭിച്ച വചനിപ്പ്. വി.കന്യകമറിയാമിന്റെ പാട്ട് മാതാവിന്റെ ആത്മസമർപ്പണമാണ്. ദൈവഹിതമെങ്കിൽ അപമാനം സഹിക്കാനുള്ള സന്നദ്ധത ഇതിൽ അടങ്ങിയിരിക്കുന്നു. ഇതു വിലക്കുറഞ്ഞ ശിഷ്യത്വമല്ല വലിയ വിലകൊടുക്കേണ്ട ശിഷ്യത്വം തന്നെയാണ്. വിലയേറിയ ശിഷ്യത്വമാണ് ദൈവപ്രസവിത്രി എന്ന നാമത്തിന് വി.കന്യകമറിയം അർഹയായി തീർന്നത്.

### യോഹന്നാൻ മാംദാനയുടെ ജനനത്തിന്റെ ഞായർ

**വി.ലൂക്കോസ് 1:57–80**

ഗബ്രിയേൽ മാലാഖയുടെ അറിയിപ്പിനു ശേഷം സഖറിയാ പുരോഹിതന്റെ സഹധർമ്മിണി ഗർഭിണിയായി ഒരു മകനെ പ്രസവിച്ചു. ഈ വാർത്ത നാട്ടിലെല്ലാം കൗതുകവും വിസ്മയവും ഉളവാക്കി. ഈ വാർത്ത കേട്ടവരും അറിഞ്ഞവരും എല്ലാം ദൈവം അവളിൽ മഹാകരുണ ചെയ്തുവെന്ന് പറഞ്ഞ് ദൈവത്തെ മഹത്വപ്പെടുത്തി. ഈ ശിശു ആരായിത്തീരും എന്നുപറഞ്ഞ് അത്ഭുതംകൂറി. യഹൂദമര്യാദപ്രകാരം എട്ടാംദിവസം ശിശുവിന്റെ പരിഛേദനയും പേരിടീലും നിർവ്വഹിച്ചു. സക്കറിയാ എന്നു പേരിടാൻ ഭാവിച്ചപ്പോൾ യോഹന്നാൻ എന്നു പേരിടണം എന്ന് എലിശുബാ നിർദ്ദേശിച്ചു. പിതാവ് ഊമനായിരുന്നതിനാൽ എന്തു പേരിടണമെന്ന് ആംഗ്യം ചോദിച്ചപ്പോൾ അദ്ദേഹം ഒരു എഴുത്തുപലക ആവശ്യപ്പെട്ടു. പൈതലിന് യോഹന്നാൻ എന്നു പേരിടണമെന്ന് പറയുകയും എഴുതുകയും ചെയ്തു. സഖറിയാവിന് ദൈവദൂതൻ കൊടുത്ത ശിക്ഷാകാലം കഴിഞ്ഞു. നാവിന്റെ കെട്ടഴിഞ്ഞ് സംസാരിക്കാൻ തുടങ്ങി. ആദ്യം യഹോവയായ ദൈവത്തിന് സ്തുതിചൊല്ലി. പുരോഹിതൻ പരിശുദ്ധാത്മാവ് നിറഞ്ഞവനായി പ്രവചിച്ചു. യിസ്രായേലിന്റെ ദൈവമായ കർത്താവ് വാഴ്ത്തപ്പെട്ടവൻ. അവൻ തന്റെ ജനത്തെ സന്ദർശിച്ചു. തന്റെ ദാസനായ ദാവീദിന്റെ കുടുംബത്തിൽ നമുക്കായി രക്ഷയുടെ കൊമ്പ് ഉയർത്തിയിരിക്കുന്നു. പൈതലെ നീ അത്യുന്നതന്റെ ദീർഘദർശി എന്നു വിളിക്കപ്പെടും. കർത്താവിന്റെ മുന്നോടിയായി കർത്താവിനു വഴി ഒരുക്കുവാൻ നിയോഗിക്കപ്പെട്ടവനാണല്ലോ യോഹന്നാൻ. യോഹന്നാൻ എന്ന വാക്കിന് ദൈവത്തിന്റെ ദാനം എന്നാണർത്ഥം.

ശിശുക്കളുടെ നാമകരണം വളരെ പ്രധാനപ്പെട്ടതാണ്. അർത്ഥവത്തായ പേരുകൾ കുട്ടികളുടെ സ്വഭാവവൽക്കരണത്തിന് ഉതകുന്നതാണ്. ആധൂനിക രീതികൾ പഴയപാരമ്പര്യങ്ങളെല്ലാം ദൂരെ എറിഞ്ഞു പ.വേദപുസ്തകത്തിലെ അർത്ഥവത്തായ പേരുകൾ ഇന്നു പഴഞ്ചനായി തീർന്നിരിക്കുന്ന ദുരവസ്ഥ നാം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഓരോ ശിശുവും അപാരമായ സാധ്യതകളുടെ നിക്ഷേപച്ചെപ്പുകളാണെന്നു തിരിച്ചറിഞ്ഞ് അവരെ വളർത്തി ദൈവത്തിനു പ്രത്യർപ്പണം ചെയ്യാനുള്ള കടമ മാതാപിതാക്കൾക്കുള്ളതാണ്. യോഹന്നാന്റെ ജനനം പരിശുദ്ധാത്മ പ്രേരിതമാണ്. സദൃ.11:27 ദൈവത്തിന്റെ ആത്മാവ് മനുഷ്യന്റെ ദീപം. ഈ ദീപം കത്തിജ്വലിക്കണം. ഉൽപ്പത്തി 1:2 ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന്മേൽ പരിവർത്തിച്ചുകൊണ്ടിരിക്കുന്നു. ഹിന്ദുക്കളുടെ വിശ്വാസത്തിൽ വെള്ളം, താമര, അതിൽനിന്നും ശ്രീകൃഷ്ണൻ എല്ലാ മതങ്ങളിലും ഈശ്വരസാന്നിദ്ധ്യത്തിന്റെ അംശം അടങ്ങിയിട്ടുണ്ട്.

യെശയ്യാ 40:3 കേട്ടോ ഒരുത്തൻ വിളിച്ചുപറയുന്നത് മരുഭൂമിയിൽ യഹോവയുടെ വഴി ഒരുക്കുവിൻ. വഴി ഒരുക്കുന്ന കർത്തവ്യമാണ്

(ശേഷം പേജ് 5–ൽ)

# അതാണു സത്യം – അതുമാത്രം

കെ.ജോൺ മാത്യൂസ്, തുമ്പമൺ

2012 ഒക്ടോബർ 15-ലെ മലങ്കരസഭാദീപത്തിൽ പണ്ഡിതവരേണ്യനും സഭയെക്കുറിച്ച് ശരിയായ ചരിത്രാവബോധമുള്ളയാളുമായ ഫാ.ഡോ.എം.ഒ.ജോണിന്റെ കാതോലിക്കേറ്റ് ശതാബ്ദിയെക്കുറിച്ചുള്ള ലേഖനം അഭിനന്ദനാർഹമാണ്, ഉപരിപഠനാർഹവും.

മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ ആദ്ധ്യാത്മികവും ഭരണപരവുമായ വളർച്ചയുടെ പരിണാമ പ്രക്രിയയുടെ പരിണിതഫലമാണ് 1912-ലെ കാതോലിക്കേറ്റ് സ്ഥാപനം. എവിടെയോ നിർജ്ജീവാവസ്ഥയിലോ സന്നിഗ്ദ്ധാവസ്ഥയിലോ ഇരുന്ന ഒരു സ്ഥാനം പൊക്കിയെടുത്തു 1962 വർഷം ചരിത്രപാരമ്പര്യമുള്ള മാർത്തോമ്മാ പൈതൃകത്തിൽ ഊറ്റം കൊള്ളുന്ന ഒരു സഭാതലവന്റെ തലയിൽ കെട്ടിവച്ചതല്ല. അങ്ങനെ ചിന്തിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവർ പാരതന്ത്ര്യത്തിന്റെ അഴുക്കുചാലിൽകൂടി നീന്തിതുടിക്കുന്നവരാണ്.

നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ സുറിയാനി സഭ ഒരുപാടു പ്രതിസന്ധികൾ അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ട്. ഭാരതം വിവിധ കാലഘട്ടങ്ങളിൽ ഭരിച്ച വിദേശ ഭരണാധികാരികളുടെ ദുഷ്ടലാക്കോടെയുള്ള അധികാരഗർവ്വിന്റെ ഫലം അനുഭവിച്ചിട്ടുള്ള വേറൊരു ക്രിസ്ത്യൻ വിഭാഗം ലോകത്തിൽ വേറെയുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

1498-ൽ പോർട്ടുഗീസ് ഭരണത്തോടെ ആരംഭിച്ച് ബ്രിട്ടീഷ് ഭരണത്തോടെ അവസാനിച്ച പീഢനങ്ങൾ വേറൊരു രൂപത്തിൽ തലപൊക്കിയത് 1665-ൽ നാമമാത്രമായി തുടങ്ങിയ അന്ത്യോഖ്യൻ ബന്ധത്തോടെയാണ്. ഡെമെനസ്സിസ്സ്, മാത്തൂതരകൻ, റവ.പീറ്റ്, അബ്ദുള്ള പാത്രിയർക്കീസ് എന്നിവർ മലങ്കരസഭാസ്വാതന്ത്ര്യധ്വംസനം ലാക്കാക്കിയുള്ള പ്രവർത്തനങ്ങൾ അക്കാലഘട്ടങ്ങളിലെ സഭാമേലദ്ധ്യക്ഷന്മാർ തടയിട്ടു പരാജയപ്പെടുത്തി. വലിയ മാർ ദീവന്നാസിയോസ് മുതൽ പ.വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് വരെയുള്ളവർ മാനസികമായും ശാരീരികമായും അനുഭവിച്ച എതിർപ്പുകൾ അനവധിയാണ്. ദൈവത്തിൽ ആശ്രയിച്ചു മുന്നോട്ടുനീങ്ങിയ അവർ തളർന്നില്ല തകർന്നതുമില്ല.

ഇങ്ങനെയുള്ള പ്രയാസഘട്ടങ്ങളിൽനിന്നും രക്ഷപെടാനും ആരുടേയും സമ്മർദ്ദങ്ങൾക്കു വഴങ്ങാത്ത പരിപൂർണ്ണ സ്വതന്ത്രമായ ഒരു ഭരണസംവിധാനം നിലവിൽ വരണമെന്ന് കാലാകാലങ്ങളിൽ സഭാമേലദ്ധ്യക്ഷന്മാരും സഭാനേതാക്കന്മാരും ആഗ്രഹിച്ചു. ഒരുതെറ്റിൽനിന്നു രക്ഷപെടാൻ വേറൊരു തെറ്റിലേക്ക് അറിയാതെ വഴുതിവീഴുകയാണ് ആദിമുതലെ സംഭവിച്ചത്. അങ്ങനെ കാലങ്ങൾ മുന്നോട്ടുനീങ്ങവെയാണല്ലോ വിദേശ മേലദ്ധ്യക്ഷനായ അബ്ദുള്ള പാത്രിയർക്കീസ് കാരണം കൂടാതെ എല്ലാ സാമാന്യനീതിയെയും കാറ്റിൽപറത്തിക്കൊണ്ട് വട്ടശ്ശേരിൽ മാർ ദീവന്നാസിയോസിനെ മുടക്കിയത്. മലങ്കരസഭാമക്കളിൽ ബഹുഭൂരിപക്ഷം പേരും ഇതിനെതിരായി ശബ്ദം മുഴക്കി.

വിദേശ കൈകടത്തലിന് പൂർണ്ണ വിരാമമിട്ട ഒരു സർവ്വസ്വതന്ത്ര സംവിധാനം നിലവിൽ വരേണ്ടത് അത്യാവശ്യമെന്ന് ഏവരും കരുതി. അർക്കദിയാക്കോൻ, മാർത്തോമ്മാമെത്രാൻ, മെത്രാപ്പോലീത്താവരെ സർവ്വസ്വതന്ത്രരായ ഭരണാധികാരികളായിരുന്നു ആദികാലത്ത് സഭയെ ഭരിച്ചിരുന്നത്. ഈ സ്വതന്ത്ര ഭരണസംവിധാനം പുനർജ്ജനിപ്പിക്കണമെന്ന് വട്ടശ്ശേരിൽ തിരുമേനിയുടെയും കൂടെയുള്ള എപ്പിസ്കോപ്പാമാരുടെയും കാനോൻ വിദഗ്ദ്ധനായ പൂതക്കുഴിയിൽ ഏബ്രഹാം കത്തനാരെപ്പോലെയുള്ള പുരോഹിതശ്രേഷ്ഠന്മാരുടെയും കെ.സി. മാമ്മൻ മാപ്പിള, എം.എ.ചാക്കോ, ഒ.എം.ചെറിയാൻ, പത്രോസ് മത്തായി, പത്രാധിപർ ജേക്കബ് കുറിയൻ എന്നീ അൽമായ നേതാക്കന്മാരുടെയും ആലോചനയുടെ അനന്തരഫലമായാണ് കാതോലിക്കേറ്റ് സ്ഥാപനം.

അക്കാലത്ത് ലോകസഭാചരിത്രത്തിൽ തുല്യ അധികാരമുള്ള മൂന്നു സഭാതലവന്മാരെ നിലവിലുണ്ടായിരുന്നുള്ളു. കാതോലിക്കോസ്, പാത്രിയർക്കീസ്, മാർപാപ്പാ എന്നീ സ്ഥാനികൾ. ഇതിൽ എ.ഡി.231 മുതലെ നിലവിലുണ്ടായിരുന്ന കാതോലിത്താ എന്ന നാമം സ്വീകരിക്കണമെന്നും ആ സ്ഥാനം മറ്റൊരു തുല്യസ്ഥാനിയായ പാത്രിയർക്കീസിനാൽ ഔപചാരിക പ്രഖ്യാപനം ചെയ്ത് വാഴിക്കപ്പെടണമെന്നും തീരുമാനിച്ചു എന്ന് വിശ്വസിക്കാം. ആ തീരുമാനത്തിന്റെ പൂർത്തീകരണമാണ് 1912 സെപ്റ്റംബർ 15ന് മലങ്കരയിൽ സ്ഥാപിച്ച കാതോലിക്കേറ്റ്.

ആത്മീയ നൽവരം ഒട്ടും നഷ്ടപ്പെട്ടിട്ടില്ലാത്ത തനിക്ക് ലഭിച്ച പൈകൃത വിശ്വാസത്തിൽ ആജീവനാന്തം ഉറച്ചുനിന്നു അന്ത്യോഖ്യൻ പാത്രിയർക്കീസ് അബ്ദേദു മ്ശിഹാ പാത്രിയർക്കീസ് ബാവാ മുറിമറ്റത്തിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ ബസ്സേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ആയി 1912-ൽ വാഴിച്ചതോടെ മലങ്കരസഭ സർവ്വസ്വതന്ത്രയായി. 1958-ലെ സുപ്രീംകോടതിവിധി പ്രകാരം മലങ്കരയിൽ പാത്രിയർക്കീസിന്റെ അധികാരം അസ്തമനാവസ്ഥയിൽ എത്തിയ സുദിനം.

പിന്നെയും കാതോലിക്കാ സ്ഥാനനാമത്തിന് വളർച്ചയുടെ വെളിച്ചം കണ്ട 1815-ഓടുകൂടി സഭാതലവന് നഷ്ടപ്പെട്ട മാർത്തോമ്മാ എന്ന പൈതൃകനാമം സഭയുടെ ഉജ്ജ്വല പ്രതിഭാശാലിയും കർമ്മശേഷിയുടെ ജീവനുള്ള പ്രതീകവുമായിരുന്ന വട്ടക്കുന്നേൽ മാത്യൂസ് മാർ അത്താനാസിയോസ് 1975-ൽ കാതോലിക്കാ ആയി അഭിഷേകം ചെയ്യപ്പെട്ടപ്പോൾ മാർത്തോമ്മാ എന്ന പേരുകൂടി ചേർത്ത് പ.ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമനായി പ്രഖ്യാപിക്കപ്പെട്ടു. ശരിയിലേക്കുള്ള പ്രയാണത്തിന്റെ രണ്ടാംഘട്ടം വർഷങ്ങൾ പിന്നിട്ടു. 2010 നവംബർ ഒന്നാം തീയതി പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായെ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ മലങ്കരസഭാ സുന്നഹദോസിന്റെ തീരുമാനപ്രകാരംമാത്രം പൂർണ്ണ മനസ്സോടും പൂർണ്ണശക്തിയോടും പൂർണ്ണ സാന്നിദ്ധ്യത്തോടും മുപ്പത്തിമൂന്ന് മെത്രാന്മാരുടെ സഹകരണത്തിലും അനേകം സഭാമക്കളുടെ സാന്നിധ്യത്തിലും വാഴിക്കപ്പെട്ടപ്പോൾ വളർച്ചയുടെ പ്രക്രിയ ഒരുപടികൂടി കടന്നു.

ജോണച്ചന്റെ വാക്കുകൾക്ക് പ്രസക്തിയേറുന്ന കാതോലിക്കേറ്റ് സ്ഥാനം സ്വയം എടുത്തു തലയിൽ വെച്ചതല്ല. വളർച്ചയുടെ പ്രതീകമാണ്. സഭയുടെ ആത്മീയ അധികാര സ്ഥാനങ്ങളുടെ ക്രമാനുഗത വളർച്ചയായി ആ സ്ഥാപനത്തെ കാണണം. അത് സ്വതന്ത്രമാണ്, പരമോന്നതമാണ്, പരമാധികാരമുള്ള സ്ഥാപനമാണ്. ഈ വിശിഷ്ടമായ കാഴ്ചപ്പാട് ഏവർക്കുമുണ്ടാകണം.

## ധ്യാനപീഠം....പേജ് 4-ൽനിന്ന്

ധ്യാനപീഠം....പേജ് 4-ൽനിന്ന്

യോഹന്നാനിൽ നിക്ഷിപ്തമായിരിക്കുന്നത്. സഖറിയാ പുരോഹിതന്റെ പ്രവചനത്തിൽ ദൈവരാജ്യത്തിന്റെ മൂന്ന് അനുഭവങ്ങൾ എടുത്തുപറയുന്നു. 1. ദൈവസന്നിധിയിൽ നിർഭയരായി വിശുദ്ധിയോടും നീതിയോടുംകൂടി ആരാധന ചെയ്യുക. ഭയം പാപത്തിന്റെ ലക്ഷണമാണ്. നേരെ മറിച്ച് ദൈവഭക്തിയും ദൈവാശ്രയവും നമ്മെ നിർഭയരാക്കുന്നു. ദൈവമക്കൾ നീതിയോടും വിശുദ്ധിയോടുംകൂടി ആരാധന സമർപ്പിക്കണം. 2. പാപമോചനം മൂലമുള്ള രക്ഷാപരിജ്ഞാനം നേടണം. ദൈവവും മനുഷ്യനുമായുള്ള ബന്ധം പാപമോചനത്തിൽകൂടിയാണ്. ഈ രക്ഷാപരിജ്ഞാനം അനുസ്യൂതം വളർന്നുകൊണ്ടിരിക്കണം. 3. സമാധാന മാർഗ്ഗത്തിലുള്ള നടപ്പ്. ജീവിതത്തിന്റെ എല്ലാ തുറകളിലും യേശുക്രിസ്തു വാഗ്ദാനം ചെയ്ത സമാധാന മാർഗ്ഗത്തിൽ ജീവിക്കാൻ ശ്രമിക്കണം. യോഹന്നാന്റെ ജനനവും വളർച്ചയും നിയന്ത്രിച്ചതു ദൈവമാണ്. മലാഖി 4:5 യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിനു മുമ്പ് ഞാൻ നിങ്ങൾക്ക് ഏലിയാ പ്രവാചകനെ അയക്കും. ഏലിയാവു വന്നു കഴിഞ്ഞു നമ്മുടെ മക്കളെയും ദൈവകരങ്ങളിൽ സമർപ്പിച്ച് ദൈവകൃപ അവരിൽ വ്യാപരിക്കാൻ വേണ്ടി പ്രാർത്ഥിക്കാം.

## വേണോ വേണ്ടയോ!....പേജ് 2-ൽനിന്ന്

ലേലം ഇവയൊക്കെ സജീവം, അടക്കത്തിനു മുമ്പ് അർപ്പിക്കപ്പെട്ട റീത്തുകൾ മുട്ടിച്ചു മുട്ടിച്ചു പള്ളിക്കു ചുറ്റിനും വെച്ചിട്ടും അവ ഒട്ടേറെ ബാക്കിവന്ന കഥ ഇന്നത്തെ പുത്തൻകൂറ്റുകാർക്ക് അറിയില്ല. ഒരു മെത്രാൻ അത്രതന്നെ.

എന്നാൽ ഇന്ന് ആ വകയെല്ലാം കാറ്റുപോയ ബലൂൺപോലെ. ഒരു വി.കുർബ്ബാന, അതിനിടെയുള്ള 10-15 മിനിറ്റ് നേരത്തെ ഒരു ലഘുപ്രസംഗം, നെയ്യപ്പം, ധൂപപ്രാർത്ഥന എന്നിങ്ങനെ ലഘൂകരിക്കപ്പെട്ടു. പതിവുപോലെ തലേന്ന് ഒരു വന്ദ്യ വൈദികന്റെ വിശ്വാസ സ്ഥിരത എന്ന പ്രൗഢമായ വചനഘോഷണവും നടന്നു. അദ്ദേഹം വന്ദ്യ തിരുമേനിയുടെ നാമം ഇടയ്ക്കിടെ പരാമർശിക്കുവാൻ മനസ്സുകാട്ടി. പ്രസംഗം ഒരു വാക്ധോരണിയായിരുന്നു. ആരും ഉറങ്ങിയില്ല.

28ന് കണ്ടനാട്ടിന്റെ തോമസ് മാർ അത്താനാസിയോസ് തിരുമേനി വി.ബലി അർപ്പിച്ചു. ബലിമദ്ധ്യേ അദ്ദേഹം പരേതന് ആലുവായിൽ ഉചിതമായ ഒരു സ്മാരകം നിർമ്മിക്കുന്ന ആഹ്വാനപ്രസംഗം നടത്തി. അതു വേണോ വേണ്ടയോ എന്ന പ്രശ്നമില്ലെന്നും ഇനിയെങ്കിലും അതിന് ഉടൻ നടപടി വേണമെന്നും ശക്തിയായി ഊന്നിപ്പറഞ്ഞു. ഇത് പറയുവാനും ഓർപ്പിക്കാനും ആലുവക്കാർക്ക് അയൽ ഭദ്രാസന മെത്രാപ്പോലീത്ത വേണ്ടിവന്നു. നമ്മുടെ കൃതകൃത്യതയും നന്ദിബോധവും അത്രയ്ക്കായിപ്പോയി.

പതിവിൻപടി ഭക്തയായ ഒരു പെൺകൊടിയാൾ അണിയിച്ചൊരുക്കിയ കബറിങ്കൽ "ചാർത്തും നീതിയും" പിതാക്കന്മാരുടെ കുക്കിലിയോനും ചൊല്ലി, വാഴ്വരുളി നെയ്യപ്പവും! കഴിഞ്ഞു, ശ്രാദ്ധപ്പെരുന്നാൾ ലഘുഭക്ഷണത്തോടെ കഴിഞ്ഞു. സ്മാരകത്തെപ്പറ്റിയൊരു സ്മരണയും ഉണ്ടായില്ല.

1967 ജനുവരി 25ന് സുന്ത്രോണീസോയോടെ അങ്കമാലിഭരണം ഏറ്റെടുത്തതാണ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ. അദ്ദേഹത്തെ ലഭിച്ചത് അങ്കമാലിയുടെ അതിഭാഗ്യം എന്ന് ആവേശത്തോടെ ഓക്സിയോസ് പാടിയ വായ്കളിൽനിന്ന് പിന്നീട് അരോചകവും ആക്രമപ്രേരണയുമുള്ള വാക്കുകൾ വീണു. ബിഷപ്പ് എന്ന് പ്രതിപക്ഷം പലവട്ടം ഉരുവിട്ടു. 1977-ൽ പള്ളിപൂട്ടിച്ച നടപടിക്കാർ, ലംഘനം മറച്ചും പാപംക്ഷമിച്ചും കിട്ടുവാനെന്നോണം ഇന്നും അതേ വാകൊണ്ട് അതേ പള്ളിതുറക്കുവാൻ മുറവിളികൂട്ടുന്നു. അന്യസഭകളെയും മതക്കാരുടെയും മദ്ധ്യസ്ഥം തേടി നടക്കുന്നു. 1912, 1934, 1958, 1964, 1995 വർഷങ്ങളിലെ വസ്തുതകൾ ഒരുവശത്ത്, മറ്റ്ജനങ്ങളുടെ മദ്ധ്യസ്ഥം ഒരുവശത്ത് നാലും മൂന്നും ഏഴിന് എന്തിനാണാവോ മദ്ധ്യസ്ഥം? അതിരിക്കട്ടെ!

അഭി.തിരുമേനിയുടെ ഇന്നത്തെ കുടീരം ദ്രവിച്ചും നനഞ്ഞും നശിച്ചും വരുന്നു. ഒരു ഭദ്രാസന കത്തീഡ്രൽ പള്ളി പണിയണം. അയൽ തിരുമേനിയുടെ ആഹ്വാനപ്രകാരം ഉചിതമായ ഒരു മണിമന്ദിരം വേണോ വേണ്ടയോ ഭദ്രാസനവും കേന്ദ്രവും തീരുമാനിക്കേണ്ട കാര്യമാണത്. ആ വന്ദ്യ താതന് ഒരാഗ്രഹമുണ്ടായിരുന്നു. ഇന്നും ഉണ്ടാകും. ആവശ്യസംവിധാനങ്ങൾ ഉണ്ടാക്കി സെമിനാരി പഠിത്തത്തിന്റെ ആദ്യ രണ്ടു വർഷങ്ങൾ തൃക്കുന്നത്ത് സെമിനാരിയിൽ ആക്കണമെന്ന്. എങ്കിലെ തെക്കെന്നപോലെ വടക്കും വളരൂ, തെളിയൂ എന്ന് സത്യം. കുന്തിരിക്കത്തിന്റെ കുഴിയിൽകിടന്ന് ആ പുണ്യ ആത്മാവ് വിലപിക്കുന്നുണ്ടാവാം ഇങ്ങനെ.

പാഴ്മരകൂടിനാൽ മൂടിയോരെൻകബർ – പാടെ ദ്രവിച്ചുനശിക്കുന്നുമക്കളെ
കൈപണിയാം ആ കബറിൻ കവടാടത്തിൽ
അല്പമിരുന്നു കരഞ്ഞേച്ചുപോകണേ
അക്കണ്ണുനീർകണ്ടുകൊണ്ടെങ്കിലും – ആശ്വസിക്കട്ടെ ഞാൻ ഈ അന്ത്യയാത്രയിൽ

## കാര്യമ്പാടി കണ്ണാശുപത്രിയുടെ ഗിവ് സൈറ്റ് പ്രോജക്റ്റ്

**എം.ഒ.എസ്.സി. എം.എം. ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ., വയനാട്, കേരള-673 591, ഫോൺ : 04936-247274, 9446733201**

1986 ജനുവരി 17ന് ആണ് കാര്യമ്പാടിയിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ വകയായി കണ്ണാശുപത്രി ആരംഭിക്കുന്നത്. പ.കാതോലിക്കാ ബാവാ തിരുമേനി പ്രസിഡന്റും, സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ വൈസ് പ്രസിഡന്റുമായുള്ള ഗവേണിംഗ് ബോർഡിന്റെ നിയന്ത്രണത്തിലാണ് ആശുപത്രി പ്രവർത്തിച്ചുവരുന്നത്. ജാതി, മത, വർഗ്ഗ, വർണ്ണ, ഭാഷാഭേദമില്ലാതെ ചികിത്സിക്കാൻ മാർഗ്ഗമില്ലാത്ത സാധുക്കളായ എല്ലാ നേത്രരോഗികൾക്കും സൗജന്യമായി ഇവിടെ ചികിത്സ നൽകിവരുന്നു. സാമ്പത്തികശേഷിയുള്ളവരിൽനിന്നാണെങ്കിലും മിതമായ ഫീസു മാത്രമേ വാങ്ങാറുള്ളു. വയനാട് ഒരു ട്രൈബൽ ജില്ലയാണ്. അതുകൊണ്ട് സൗജന്യചികിത്സ അർഹിക്കുന്ന അനേകരുണ്ട്.

ഈ കാരണത്താൽ സുമനസ്സുകളുടെ സഹകരണത്തോടെ കൂടുതലായി സൗജന്യ ചികിത്സ നടത്തുകയെന്ന ലക്ഷ്യത്തോടെ 1993-ൽ ഗിവ് സൈറ്റ് പ്രോജക്റ്റിന് ഇവിടെ തുടക്കം കുറിച്ചു. 2011 മാർച്ച് 31 വരെയുള്ള കണക്കുപ്രകാരം 158,49120 രൂപയുടെ സൗജന്യ ചികിത്സ അർഹതപ്പെട്ടവർക്ക് നൽകാൻ സാധിച്ചു. തുന്നലില്ലാത്ത ആധുനിക താക്കോൽദ്വാര ശസ്ത്രക്രിയ വഴി ഇൻട്രാ ഒക്കുലർ ലെൻസ് കണ്ണിനുള്ളിൽ വെച്ച് കാഴ്ച നൽകുന്നതിന് 30000 രൂപ വരെ പല സ്ഥാപനങ്ങളും ചാർജ്ജ് വാങ്ങാറുണ്ട്. എന്നാൽ പാവപ്പെട്ടവർക്ക് അത് വഹിക്കുവാനുള്ള സാമ്പത്തികശേഷിയില്ലാത്തതിനാൽ അവർ അന്ധരായി തന്നെ ജീവിക്കേണ്ടിവരുന്നു. ഈ ദുസ്ഥിതിക്ക് ഒരു പരിധിവരെ പരിഹാരമാണ് ഗിവ് സൈറ്റ് പ്രോജക്റ്റ്.

ഗിവ് സൈറ്റ് പ്രോജക്റ്റ് മുഖേന ഇതിനകം 5144 താക്കോൽദ്വാര ശസ്ത്രക്രിയ സൗജന്യമായി നടത്തി സാധുക്കളായ അന്ധരെ കാഴ്ചയുള്ളവരാക്കിയിട്ടുണ്ട്. കൂടാതെ മറ്റു വിവിധ ശസ്ത്രക്രിയ വഴി 4268പേർക്ക് കാഴ്ച വൈകല്യം സൗജന്യമായി പരിഹരിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയും മഹത്തായ സേവനം നൽകുന്ന ഈ സ്ഥാപനത്തിന് അർഹിക്കുന്ന അംഗീകാരംപോലും പലപ്പോഴും ലഭിക്കാറില്ല. കൊട്ടും കുരവയും ഫ്ളക്സും ചുമരെഴുത്തും ഒന്നും ഇല്ലാത്തതായിരിക്കാം കാരണം.

നിങ്ങളുടെ ജന്മദിനം, മാമോദീസാദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം, ആദ്യശമ്പളദിനം തുടങ്ങിയ വിശേഷ അവസരങ്ങളിൽ പാവപ്പെട്ട ഒരന്ധനെങ്കിലും കാഴ്ച നൽകാൻ സാധിച്ചാൽ കർത്താവിന് ഏറെ പ്രസാദകരമായിരിക്കും. 2000 രൂപ ഗിവ് സൈറ്റിലേക്ക് അയച്ചുതന്നാൽ ഞങ്ങൾ നിങ്ങളുടെ പേരിൽ ഒരന്ധന് കാഴ്ച നൽകി വിവരം നിങ്ങളെ അറിയിക്കും. ശസ്ത്രക്രിയക്കു വരുന്ന അധികചിലവുകൾ ഞങ്ങൾ വഹിക്കുന്നതാണ്. കാഴ്ചയില്ലാത്തവർക്ക് കാഴ്ച നൽകുന്ന ഈ പദ്ധതിയിൽ പങ്കാളിയാകാൻ നിങ്ങളേയും ക്ഷണിക്കുന്നു. സംഭാവന നൽകുന്നവർക്ക് 80 ജി ഇളവിന് അർഹതയുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് 9446733201 നമ്പരിൽ ബന്ധപ്പെടുക. നിങ്ങളുടെ സംഭാവനകൾ ക്രോസ് ചെയ്ത ചെക്ക്/ഡി.ഡി./എം.ഒ. ആയോ മീനങ്ങാടി കാനറാ ബാങ്ക് ശാഖയിലെ 0827101010768 നമ്പർ അക്കൗണ്ടിലേക്ക് ബാങ്ക് മുഖേന നേരിട്ട് അയച്ചുതരികയോ ചെയ്യാവുന്നതാണ്. IFS Code CNRB0000827 ആണ്. ബാങ്ക് മുഖേനയാണെങ്കിൽ അയച്ചാൽ ഉടനെ ഈ വിവരം അറിയിക്കുന്നത് കൃത്യമായി രസീത് നൽകാൻ സഹായിക്കും.

ചെക്കിലും ഡി.ഡി.യിലും Give Sight Project, Treasurer, MOSC MM Eye Hospital, Kariambadi എന്ന് ചേർക്കാൻ മറക്കരുത്.

**റവ.അബ്രഹാം മാത്യു എടയക്കാട്ട് കോർഎപ്പിസ്കോപ്പാ, സെക്രട്ടറി, ഗവേണിംഗ് ബോർഡ്**

**Vol. 19 Issue 2**
**November 16-30**

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.42799/98/H6
REGISTERED No. KL/KTM/
163/2012-2014

Rs.2

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 30/2012-14

**ചിരിവര —————— ജോയി കുളനട**




## ജോസഫ് റമ്പാൻ കോർഎപ്പിസ്കോപ്പാ നിര്യാതനായി



തൃശൂർ : മലങ്കര ഓർത്തഡോക്സ് സഭയിലെ സീനിയർ വൈദികനും കോട്ടയം ദേവലോകം അരമന മുൻ മാനേജരുമായിരുന്ന സി.കെ.ജോസഫ് റമ്പാൻ കോർഎപ്പിസ്കോപ്പാ അന്തരിച്ചു. അരീപ്പാലം വി.ഹന്ന വൃദ്ധസദനം, തൃശൂർ, പാലക്കാട്, ഭിലായ്, റായ്പൂർ, ഇൻഡോർ, റാഞ്ചി, പട്ന, അബുദാബി, തുടങ്ങിയ ഇടവകകളിൽ വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

## കാതോലിക്കേറ്റ് ശതാബ്ദി സിമ്പോസിയവും യുവജന സംഗമവും

കൽക്കാജി : മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചതിന്റെ ശതാബ്ദിയോടനുബന്ധിച്ച് ഓർത്തഡോക്സ് ക്രൈസ്തവ ഡൽഹി ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ കാതോലിക്കേറ്റ് ശതാബ്ദി കാതോലിക്കേറ്റും ദേശീയതയും എന്ന വിഷയത്തിൽ ചർച്ച സംഘടിപ്പിച്ചു. ഒക്ടോബർ 28ന് ഉച്ചയ്ക്ക് രണ്ടുമണിക്ക് കൽക്കാജി കമ്മ്യൂണിറ്റി ഹാളിൽവെച്ച് നടന്ന യുവജനസംഗമത്തിൽ മാർ ഗ്രിഗോറിയോസ് വിദ്യാർത്ഥിപ്രസ്ഥാനം ജനറൽ സെക്രട്ടറി ഫാ.വർഗീസ് വർഗീസ് മീനടം മുഖ്യപ്രഭാഷണം നടത്തി.



## ഫാ.പി.വൈ.ജെസൻ യുവജനപ്രസ്ഥാനം ജനറൽ സെക്രട്ടറി

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം സെക്രട്ടറിയായി തണ്ണിത്തോട് സെന്റ് ആന്റണീസ് ആശ്രമാംഗമായ ഫാ.പി.വൈ.ജെസനെ പ്രസിഡന്റ് യൂഹാനോൻ മാർ പോളീകാർപ്പോസിന്റെ ശുപാർശപ്രകാരം പ. കാതോലിക്കാ ബാവാ നിയമിച്ചു.

പത്തനംതിട്ട മാർ കുറിയാക്കോസ് ഇടവകാംഗവും തുമ്പമൺ ഭദ്രാസനത്തിലെ വൈദികനുമാണ്.

## പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ

സത്ന : കൽക്കട്ടാ ഭദ്രാസനത്തിൽപ്പെട്ട സത്നാ മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവകയിൽ പ.പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ നവംബർ 3,4 തീയതികളിൽ നടന്നു. മൂന്നിന് വൈകിട്ട് പദയാത്രയും തുടർന്ന് സന്ധ്യാനമസ്ക്കാരവും പിറ്റേദിവസം വി.കുർബ്ബാനയോടുകൂടി പെരുന്നാളിന് കൊടിയിറങ്ങി. പെരുന്നാളിന് കലഹണ്ടി ഡവലപ്മെന്റ് പ്രോജക്റ്റ് മാനേജർ ഫാ.ജി.തോമസ് നേതൃത്വം വഹിച്ചു.



ഭാരതീയം മാർത്തോമ്മൻ പൈതൃക സ്മൃതിയാത്രയ്ക്ക് സ്വീകരണവും പനയമ്പാല മേഖലാതല ശതാബ്ദി ആഘോഷ ഉദ്ഘാടനവും ഡോ.എൻ.ജയരാജ് എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ, ഡോ.ജോർജ് ജോസഫ്, ജോസഫ് എം.പുതുശ്ശേരി, ഫാ.ഡോ.എം.ഒ.ജോൺ, ഫാ.സി.ജെ.ജോഷ്വാ, ഫാ.നൈനാൻ വർഗീസ് മാവുങ്കൽ, ഫാ.സ്റ്റാൻലി ജോൺ കെ., ഫാ.കെ.വി.ജോൺ തുടങ്ങിയവർ സമീപം

## കഥാകൃത്ത് 2012

പത്തനംതിട്ട : മൈലപ്ര വലിയപള്ളി എം.ജി.ഒ.സി.എസ്.എമ്മിന്റെ കഥാകൃത്ത് 2012 പുരസ്ക്കാരത്തിനുള്ള ചെറുകഥകൾ ക്ഷണിക്കുന്നു. മലങ്കര ഓർത്തഡോക്സ് സഭയുടെ തുമ്പമൺ ഭദ്രാസനത്തിലെ ഇടവകകളിൽ അംഗങ്ങളായ ഹൈസ്ക്കൂൾ, ഹയർസെക്കണ്ടറി, ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളിൽനിന്ന് മലയാള ഭാഷയിലുള്ള രചനകളാണ് ക്ഷണിക്കുന്നത്. പഠിക്കുന്ന ക്ലാസ്സും വയസ്സും രേഖപ്പെടുത്തിയ ഇടവകവികാരിയുടെ സാക്ഷ്യപത്രത്തോടൊപ്പം ചെറുകഥയുടെ രണ്ടു കോപ്പികൾ താഴെപറയുന്ന വിലാസത്തിൽ നവംബർ 30-ാം തീയതിക്കു മുമ്പായി അയച്ചുതരേണ്ടതാണ്. ചെറുകഥകൾ സ്വന്തം കൈപ്പടയിൽ എഴുതിയതോ ടി.റ്റി.പി. എടുത്തതോ ആയിരിക്കണം. രചനകളോടൊപ്പം പൂർണ്ണമായ മേൽവിലാസവും ഫോൺനമ്പറും ഈ-മെയിൽ അഡ്രസ്സും അയച്ചുതരേണ്ടതാണ്. ചെറുകഥകൾ അയച്ചുതരേണ്ട വിലാസം : റിച്ചു മാത്യു, നെല്ലിക്കാപറമ്പിൽ വീട്, മൈലപ്ര ടൗൺ പി.ഒ., പത്തനംതിട്ട - 689678, അല്ലെങ്കിൽ mgocsm@mylapravaliyapally.com എന്ന ഈ-മെയിൽ വിലാസത്തിൽ സാക്ഷ്യപത്രവും ചെറുകഥയും jpg അഥവാ pdf format ൽ അയച്ചുതരണം

## യുണൈറ്റഡ് ഇൻ പ്രയർ പ്രകാശനം ചെയ്തു

നോയിഡ : നോയിഡ മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവക എം.ജി.ഒ.സി.എസ്.എമ്മിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ച യുണൈറ്റഡ് ഇൻ പ്രയർ എന്ന പുസ്തകം ഡൽഹി ഭദ്രാസനാധിപൻ ഡോ.യൂഹാനോൻ മാർ ദിമത്രെയോസ് മെത്രാപ്പോലീത്താ പ്രഥമ കോപ്പി വന്ദ്യ എം.ജി.ജോസഫ് റമ്പാന് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. സഭയിലെ എല്ലാ വിശേഷദിവസങ്ങളിലെയും ശുശ്രൂഷകൾ ക്രിസ്തുമസ്സ്, ദനഹാ, മൂന്നുനോമ്പ്, ശുബ്ക്കോനോ, വലിയനോമ്പ്, പാതിനോമ്പ്, സ്വർഗ്ഗാരോഹണം, പെന്തിക്കോസ്തി തുടങ്ങിയ മലയാള ശുശ്രൂഷകൾ പരിഭാഷ ചെയ്ത പുസ്തകമാണ് യുണൈറ്റഡ് ഇൻ പ്രയർ എന്ന പുസ്തകം. ഈ പുസ്തകം മലയാളം വായിക്കാൻ അറിഞ്ഞുകൂടാത്ത എല്ലാ പ്രവാസി മലയാളികൾക്കും പുസ്തകം വായിച്ചുകൊണ്ട് ആരാധനയിൽ പങ്കെടുക്കുവാൻ സാധിക്കുമെന്നും ഇത് ദൈവത്തിന്റെ ഒരു പദ്ധതി ആയതിനാലാണ് ഇതുപോലെ ഒരു പുസ്തകം തയ്യാറാക്കുവാൻ സാധിച്ചത് എന്നും പ്രകാശന കർമ്മം നിർവ്വഹിച്ചുകൊണ്ട് മെത്രാപ്പോലീത്താ അഭിപ്രായപ്പെട്ടു.

തുഗ്ളക്കബാദിലുള്ള ഡൽഹി ഓർത്തഡോക്സ് സെന്ററിൽ ഒക്ടോബർ 30 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് നടന്ന ചടങ്ങിൽ വന്ദ്യ എം.ജി.ജോസഫ് റമ്പാൻ, നോയിഡ ഇടവക വികാരി ഫാ.ജേക്കബ് ജോർജ് എന്നിവർ കൂടാതെ അനേകം വിശ്വാസികൾ പങ്കെടുത്തു. ഇത് തലമുറകൾക്ക് അനുഗ്രഹം ഉണ്ടാകുന്ന ഒരു സംരംഭമാണെന്നും ഇതിന് മുൻകൈ എടുത്തവരെയും പ്രത്യേകിച്ച് ഇതിന്റെ പരിഭാഷ നിർവ്വഹിച്ച ജറിൻ ഫിലിപ്പോസിനെയും സ്നേഹ സൂസൻ മാത്യുവിനെയും എഡിറ്റിംഗ് ഭംഗിയായി ചെയ്തുകൊടുത്ത ഡോ.രാജൻ വർഗീസിനെയും തിരുമേനി അഭിനന്ദിച്ചു.

## സ്ക്കൂൾ വാർഷികം

ഫരീദാബാദ് : ഫരീദാബാദ് സെന്റ് തോമസ് സ്ക്കൂൾ വാർഷികദിനം ഒക്ടോബർ 30ന് ഡൽഹി ഭദ്രാസനാധിപൻ ഡോ.യൂഹാനോൻ മാർ ദിമെത്രയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ഫരീദാബാദ് മുൻസിപ്പൽ കമ്മീഷണർ ഡി.സുരേഷ് ഐ.എ.എസ്. മുഖ്യാതിഥിയായിരുന്നു. സ്ക്കൂൾ ചെയർമാൻ ഫാ.നൈനാൻ ഫിലിപ്പ്, പ്രിൻസിപ്പൾ ചാൾസ് ഏബ്രഹാം എന്നിവർ സന്നിഹിതരായിരുന്നു. വിദ്യാർത്ഥികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

## കൽക്കാജി ഓർത്തഡോക്സ് കൺവൻഷൻ

കൽക്കാജി : 35-ാമത് കൽക്കാജി ഓർത്തഡോക്സ് കൺവൻഷൻ കൽക്കാജി ഡി.ഡി.എ. കമ്മ്യൂണിറ്റി ഹാൾ അങ്കണത്തിൽവെച്ച് ഡോ.യൂഹാനോൻ മാർ ദിമെത്രയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ഫാ.സജി ഡാനിയേൽ വചനപ്രഘോഷണം നടത്തി. എം.എസ്.സക്കറിയാ റമ്പാൻ, ഫാ.അജി കെ.ചാക്കോ, ഫാ.ഫിലിപ്പ് എം.സാമുവൽ, ഫാ.ജോൺ കെ.സാമുവൽ, ഫാ.പോൾ തോമസ്, ഫാ.ജോൺസൺ ഐപ്പ്, ഫാ.ബിനീഷ് ബാബു എന്നിവർ നേതൃത്വം നൽകി.

**Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001 and Published at Kottayam. Editor: Kunjumon T. Omallor**